

# ചിറകെഴുത്ത്

# സമർപ്പണം



നാം ഉറങ്ങുമ്പോൾ അകലങ്ങളിലെ കൊടുംതണുപ്പിലും
മരുഭൂമിയുടെ ചൂടിലും നമുക്ക് കാവൽ നിൽക്കുന്നവർ...
രാജ്യം കാക്കാൻ ജീവൻ പകരം കൊടുത്ത് പോരാടുന്നവർ...
ഹൃദയങ്ങളിൽ രാജ്യസ്നേഹം തുടിക്കുന്ന ധീരസൈനികർ...
ഭാരതത്തിന്റെ ധീരപുത്രനായ നിരഞ്ജൻ കുമാറിന്റെ
ഓർമകൾക്കുമുമ്പിൽ പ്രണാമങ്ങളോടെ...

# എഡിറ്റോറിയൽ



കൺതുറന്നപ്പോൾ
നെഞ്ചോടു ചേർത്ത നിലയിൽ
ഒരു വെളുത്ത തൂവൽ,
ഇന്നലത്തെ സ്വപ്നങ്ങളിൽ
എനിക്കുണ്ടായിരുന്ന വെള്ളച്ചിറകിൽനിന്നും
അടർന്നപോലെ.
നോക്കിയിരിക്കെ അത്
സംസാരിച്ചുതുടങ്ങി.
മേഘങ്ങളുടേയും കാറ്റിന്റെയും
വെല്ലുവിളികൾക്കിടയിലും
ഇരുട്ടിലെ ആകാശത്തിൽ മിന്നിനിൽക്കുന്ന
ചിറകടിപ്പാതകൾ തീർക്കുന്ന
പക്ഷികളെപ്പറ്റി.

ആ കഥകൾ കേട്ടപ്പോൾ തോന്നി
ഉയരങ്ങളിലേക്ക്
ഇനിയുമിനിയും പറക്കണമെന്ന്.

എഡിറ്റർ

## എഡിറ്റർ

രാധിക ആർ.

## എഡിറ്റോറിയൽ ബോർഡ്

വിശാഖ് എൻ. യു

അനസൂയ സെബാസ്റ്റ്യൻ

ആഷ്നി വർഗീസ്

അശ്വതി പി.വി

ആതിര ജി. ആർ.

കീർത്തന കെ.

റോഷ്ന ജോർജ്ജ്

ഹരിതരാജ്

അഞ്ജലി വി. എ

അനീറ്റ എം. ആർ

കൃഷ്ണവേണി ഹരീഷ്

# ചിറകെഴുത്തുകളിലൂടെ...


1. ഓർമ്മയുടെ പുസ്തകം
2. ദക്ഷിണകൈലാസത്തിൽ
3. Healthy soil, healthy life
4. त्याग की मूरत
5. പ്രദേശവനം
6. Reminiscence
7. അഗ്നിച്ചിറകുകൾ
8. Empowering India
9. ഭക്ഷണം പൊറുക്കുക
10. A roaring satire
11. നാടകമേ ഉലകം







12. പ്രേമം Vs മൊയ്തീൻ
13. Brave in life, brave in death
14. അവളുടെ കൂട്
15. ചരമവിധിയോ
16. Being normal
17. ഓർമകളിലൂടെ
18. ചൂടുള്ള വാർത്ത
19. മൃത്യു
20. Story of a girl untold
21. പൊട്ടുന്ന വള്ളികൾ

22. Pencil drawing

23. Pencil drawing

24. ഹരിതവിപ്ലവം-ഓർമ്മകളിലൂടെ

25. മൈത്രി

26. മുഖച്ചാർത്തുകൾ

27. മന്ദാരം

28. My bosom cries

29. ഇന്ത്യൻ സ്പോർട്സ്- 2015

30. പ്രണയത്തിന്റെ സന്ദേശം

31. Are we being watched?

32. ശുഭനാടകം

33. വീട് - Protection

34. Eag-le-adership

35. ഇവരെ സംരക്ഷിക്കുക






ചിറകടിച്ചു തുടങ്ങുകയാണ്
ആകാശത്തിന്റെ വിരിമാറിലേക്ക്...
മുൻപേ പറന്നവർ പറഞ്ഞുകേട്ടിട്ടുണ്ട്,
വാനിൽ തങ്ങൾ ചിറകുകൊണ്ടെഴുതിയ കഥകൾക്ക്
നക്ഷത്രങ്ങൾ രാത്രിയിൽ ജീവൻ കൊടുക്കുമെന്ന്...

# ഓർമ്മയുടെ പുസ്തകം

ആഷിദ പി.വി

മോളു സ്കൂൾ വിട്ടു വരാൻ ഇനിയും സമയമുണ്ട്. ജോലികളെല്ലാം തീർത്ത് ഒന്ന് ഇരുന്നപ്പോഴാണ് ഓർമ്മകളുടെ പുസ്തകം ശ്യാമയുടെ കയ്യിൽ തടഞ്ഞത്. കോളേജിലെ ദിവസങ്ങളിലേക്ക് അവൾ വഴുതി വീണു. താനും പ്രവീണും തമ്മിൽ അടുപ്പിച്ച ഘടകം എന്തായിരുന്നു. എല്ലാ കാര്യങ്ങളിലും വ്യത്യസ്തമായി ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന പ്രവീൺ. ഭ്രാന്തൻ ചിന്തകൾ എന്ന് മറ്റുള്ളവർ പറഞ്ഞപ്പോഴും ആ സ്വഭാവമാണ് തന്നെ പ്രവീണിലേക്ക് അടുപ്പിച്ചത്. പ്രണയമായിരുന്നില്ല അത്. പേരിട്ടു വിളിക്കാൻ പറ്റാത്ത ഭ്രാന്തമായ ഒരു വികാരം. അതിന്റെ തണലിലാണ് കോഴ്സ് കഴിഞ്ഞ് കോളേജ് അടച്ചിട്ടും വീട്ടിലേക്ക് പോവാതെ പ്രവീണിനോടൊപ്പം വാടക വീട്ടിലേക്ക് മാറിയത്. താലിച്ചരട് എന്നൊരു പ്രതിബന്ധം നമുക്കിടയിൽ വേണ്ട എന്ന് പ്രവീൺ പറഞ്ഞപ്പോഴും എതിർക്കാൻ തോന്നിയില്ല. വിവാഹം എന്ന ഉടമ്പടി നമ്മുടെ ജീവിതത്തിൽ ആവശ്യമില്ല എന്ന് തീരുമാനിച്ചപ്പോൾ അഭിമാനിച്ചു. കോഴ്സുകഴിഞ്ഞിട്ടും വീട്ടിൽ എത്താത്ത മകളെ തിരഞ്ഞു വന്ന അച്ഛൻ ഞെട്ടി. പ്രവീണിനെ അച്ഛനു പരിചയപ്പെടുത്തുമ്പോൾ താൻ അഭിമാനം കൊണ്ടു. ഒഴിഞ്ഞ കഴുത്തും സിന്ദൂര രേഖയും അച്ഛന്റെ മനസ്സിൽ ഒരു ചോദ്യചിഹ്നം ആയി. അച്ഛാ, പ്രവീണിന് അതിൽ വിശ്വാസമില്ല. ഒടുവിൽ അച്ഛൻ പടിയിറങ്ങിയപ്പോൾ വിരുന്നുവന്ന ആരോ തിരിച്ചു പോയ പ്രതീതിയായിരുന്നു തനിക്ക്. ദിവസങ്ങൾ ഓരോന്നായി കടന്നു പോയപ്പോഴും തനിക്ക് ഒരു മാറ്റവുമുണ്ടായിരുന്നില്ല. ഒരു ജീവൻ തന്നിലുള്ളിൽ കുരുത്തു തുടങ്ങി എന്ന സത്യം ഞാൻ പ്രവീണിനെ അറിയിച്ചു. ജീവിതത്തിൽ ഏറ്റവും കൂടുതൽ സന്തോഷിക്കേണ്ട ആ നിമിഷത്തിൽ

പക്ഷെ പ്രവീണിന്റെ മറുപടി എന്നെ ഞെട്ടിച്ചു. ശ്യാമ, നിന്റെ ഉള്ളിൽ കരുതുന്നത് വെറും ഒരു കൂത്താടി ആണ് [illegible] ആശുപത്രിയിലെ വേദനകളിൽ അതിനെ മുക്കി കൊല്ലണം [illegible] ജീവിതത്തിൽ നമുക്കിടയിൽ വേറൊരു തടസ്സവും വേണ്ട.

എന്തുപറഞ്ഞിട്ടും പ്രവീൺ തീരുമാനം മാറ്റാൻ തയ്യാറായില്ല. എല്ലാത്തിലും വ്യത്യസ്തമായി ചിന്തിക്കുന്ന പ്രവീൺ ഇതിലും വ്യത്യസ്തമായി ചിന്തിച്ചിരിക്കുന്നു. പക്ഷെ തോറ്റത് [illegible] അന്ന് ജീവിതത്തിൽ എനിക്ക് എന്റെ കുഞ്ഞിനെ വേണം [illegible] അതുകൊണ്ട് തന്നെ അവിടെ നിന്നിറങ്ങുമ്പോൾ ഒട്ടും വിഷമിച്ചില്ല. പെട്ടെന്നാണ്, സ്കൂൾ ബസിന്റെ ഹോൺ മുഴങ്ങിയത്. ഓർമ്മകളുടെ പുസ്തകം അടച്ച് ശ്യാമ എഴുന്നേറ്റു, അമ്മ മാത്രമായി. മാളുവിന്റെ സ്വന്തം അമ്മ...



# ദക്ഷിണകൈലാസത്തിൽ

സോണിയ

നമ്മടെ വടക്കുന്നാഥക്ഷേത്രത്തിന് യുനെസ്കൊ അംഗീകാരം കിട്ടിയിരിക്കണോ...? പൂരങ്ങളുടെ നാടിന് തിലകക്കുറിയായി സ്ഥിതിചെയ്യുന്ന ക്ഷേത്രം ഞങ്ങള് തൃശ്ശൂർക്കാരുടെ അഭിമാനം തന്നെയാ.. വടക്കുന്നാഥക്ഷേത്രത്തെക്കുറിച്ച് ചിലത് പങ്കുവെയ്ക്കട്ടെ...

ദക്ഷിണകൈലാസം അഥവാ തൃശ്ശിവപേരൂരിന്റെ മണ്ണിൽ പരശുരാമൻ നിർമ്മിച്ച കൈലാസനാഥ സന്നിധിയാണ് വടക്കുന്നാഥക്ഷേത്രം. ക്ഷേത്രത്തിന്റെ ചുറ്റും നാല് ദിശകളിലായി നാല് ഗോപുരങ്ങൾ സ്ഥിതിചെയ്യുന്നു. മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന നാലമ്പലത്തിന്റെ ശ്രീകോവിലുകളിൽ ശിവൻ, ശങ്കരനാരായണൻ, ശ്രീരാമൻ എന്നീ പ്രതിഷ്ഠകളാണുള്ളത്. നാലമ്പലത്തിന്റെ പുറത്തുള്ള ശ്രീകോവിലുകളിൽ കൃഷ്ണൻ, വൃഷഭൻ, പരശുരാമൻ, സിംഹോദരൻ, ധർമ്മശാസ്താവ്, ആദിശങ്കരൻ എന്നിവരെയും ആരാധിക്കുന്നു. ശ്രീകോവിലിന് അഭിമുഖമായി ഭഗവാന്റെ വാഹനമായ നന്ദിയെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. വടക്കുന്നാഥക്ഷേത്രത്തിന്റെ ചില പ്രത്യേക ഇടങ്ങളിൽ, പ്രത്യേകദിശയിൽ നിന്ന് പ്രാർത്ഥിക്കുന്നത് പല സ്ഥലങ്ങളിലെയും ഭഗവാന്മാരോട് നേരിട്ട് പ്രാർത്ഥിക്കുന്നതിന് തുല്യമാണെന്ന് ഭക്തർ വിശ്വസിക്കുന്നു. കാശിയിലെ ശിവഭഗവാനെയും ചിദംബരനാഥനെയും രാമേശ്വരത്തെ ശിവനെയും ഇരിങ്ങാലക്കുടയിലെ ഭഗവാൻ ഭരതനെയും വ്യാസനെയും ഹനുമാനെയുമെല്ലാം ഇങ്ങനെ ദർശിക്കാൻ സാധിക്കും.

നിർമ്മിതിയുടെ കാര്യത്തിൽ മാത്രമല്ല, അനുഷ്ഠിച്ചുവരുന്ന പൂജകളിലും ക്ഷേത്രം വ്യത്യസ്ത പുലർത്തുന്നു. വടക്കുന്നാഥക്ഷേത്രത്തിൽ മാത്രം ചെയ്തുവരുന്ന പൂജകളുണ്ട്. അതു ശ്രീകോവിലിൽ നിന്ന് മറ്റൊരു ശ്രീകോവിലിലേക്കുള്ള പ്രദക്ഷിണരീതിയിലും ക്ഷേത്രം വേറിട്ടുനിൽക്കുന്നു

പൂർണ്ണമായും കല്ലിൽ നിർമ്മിക്കപ്പെട്ട ക്ഷേത്രത്തിന്റെ ചുവരുകളിൽ മനോഹരമായ അനുലേപനം ചെയ്യപ്പെട്ടിട്ടുണ്ട്. തൃക്കാർത്തികയും ശിവരാത്രി മഹോത്സവവുമാണ് ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങൾ

പൂരങ്ങളുടെ പൂരമായ തൃശ്ശൂർപൂരം അരങ്ങേറുന്ന വടക്കുന്നാഥ സന്നിധി... ജാതിമതഭേദമെന്യേ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നെത്തുന്നവർ വാദ്യങ്ങളുടേയും നിറങ്ങളുടേയും മേളങ്ങളിൽ ലയിച്ച് തേക്കിൻകാട് മൈതാനിയിലൊരുമിക്കുന്നു. വടക്കുന്നാഥ ക്ഷേത്രത്തിന്റെ ഈ നേട്ടത്തിൽ നമുക്കഭിമാനിക്കാം.



# Healthy Soil, Healthy Life

Sandra, Sumayya.

The 68th UN General assembly declared 2015, as the International year of soil The FAO of United nations has been nominated to implement International Year of soil 2015 within the framework of global soil partnership and collaboration with governments.

World soil day celebrates the importance of soil as a critical component of natural system and as a vital contribution to human commonwealth. It also contributes to food, water and energy and mitigates biodiversity loss and climate change

Soils are slow to form and it can take a thousand years to create a centimeter of topsoil Unfortunately environmental degradation is having a significant role in this precious soil resource About 2/3rd of all soil on earth is now degraded. The UN is encouraging everyone to manage their soil sustainability rather than attempting to restore degraded soil which can be expensive often uneconomic and not always possible to achieve.

The nation that destroys the soil, destroys itself. The food security in modern era is linked to quality of our soil. A challenge to all is to take a moment and consider how our soil provide the surface we live on, as building material, and how our soils are involved in producing food, fibre and energy.

Healthy soils provide clean water by acting as a filter for contaminants and they are basis for plants to grow. Soil has a role in buffering climatechange and rising temperature.

Neverthless, we continously exploit this resource in unsustainable ways. We lose an estimated 24 billion tonnes of fertile soil every year due to erosion and one quarter of the earth's surface is already degraded. Many people are unaware of how active our soil and how much they are regarded by scientists as dynamic skin of the planet Earth.

It is the reservoir of atleast quarter of biodiversity and therefore require same attention as aboveground biodiversity. Our basis is in healthy well managed soils which are resiliant to stresses such as climatic change and able to support and sustain protective ecological and agricultural system in long term. We need to communicate to wider community, including our children the vital importance of improving soil conditions and demonstrate how by doing so, benefit us all.

Healthy soil is the foundation of life and the year 2015 provides many significant opportunities on international stage to address soils in context of international sustainable development negotiations and encourage humankind to invest in sustainable soil management.

As citizens of this planet, let us all pledge to do more to protect this important yet forgotten resource and remember that healthy life is not possible without healthy soil.

'Soil a solid ground for life'
'Healthy soil for healthy life'

# त्याग की मूरत

हरिता एम एस

कुछ माँगा नही कुछ चाहा नहीं
बदला बस खुद को, कि रिश्ता टूट ना जाये कही ।
आदतो को बदला, चाहतो को बदला,
भले मेरे चाहत ने, अपनी करवट को बदला ।

समन्दर की एक बूँद बन जाऊँ भले
बस समन्दर में, मेरा अस्तित्व तो रहे ।
धूल का एक कण भी, मैं बन ना सकी,
मेरे त्याग की निशानी हो गई छवि ।



# പ്രേമലേഖനം

അനന്യ

ഒരിക്കലും കിട്ടാത്ത അരിമ്പ്ര ബസ് ഇന്നുമാത്രം എന്തിനാണ് പീടികേടെ മുന്നിൽ കൊണ്ടുവന്ന് നിർത്തിയതെന്ന്? ഉസ്കൂളിൽ നേരത്തെ ചെല്ലാതിരിക്കാനുള്ള സകല അടവുകളും പയറ്റിക്കൊണ്ടിരുന്ന എനിക്ക് കിട്ടിയ എട്ടിന്റെ പണിയായിപ്പോയി ഇത്. ബസിൽ കയറിനിന്നതും മച്ചാന്മാരെയും അളിയന്മാരെയും ഒക്കെ പരതി. ആരെയും കണ്ടില്ല. ആശാന്മാർ അടുത്ത ബസിനേ വരുകയുള്ളൂ. കീശയിൽ തപ്പിനോക്കി. കാശുണ്ടോ? ആറു രൂപ പിടിക്ക് കൊടുക്കാം. അല്ലെങ്കിലും ഈ നക്കാപ്പിച്ച ബസിൽ വലിഞ്ഞുകയറി, CT എടുത്ത് അട്ട കിടക്കുംപോലെ ഡാൻസ് കളിക്കാൻ എനിക്കെന്നെ കൊണ്ടാവൂല.

ഇന്നമ്മാവൻ Muscatന്ന് കൊണ്ടുവന്ന വെളുത്തഫ്രെയിമുള്ള ചുള്ളൻ കൂളിംഗ് ഗ്ലാസും വച്ചാണിരുന്നു, ലാസ്റ്റ് ബെഞ്ചിലെ ലാസ്റ്റ് പയ്യനെപ്പോലെ, അവസാനത്തെ കുടുക്കിസീറ്റിന്റെ അങ്ങേത്തലയ്ക്കൽ. എന്തുകൊണ്ടാണെന്നറിയില്ല. മഷിയിട്ടുനോക്കാൻ ഒരു ഗ്രാമീണ സുന്ദരി പോലുമില്ല. ഹാ... ഇന്നലെ കിട്ടിയ അടി. കവിളത്ത് ഒന്ന് തൊട്ടുനോക്കി. പൗഡറിട്ട് അഡ്ജസ്റ്റ് ചെയ്തത് നന്നായി. പ്ലസ്ടു ക്ലാസിലെ മഞ്ജുചേച്ചിക്ക് അതേ പ്ലസ്ടു ക്ലാസിലെ പ്രേമേട്ടൻ സ്വന്തവും എഴുതിയിറക്കിയ അഞ്ച് വാക്യങ്ങളുള്ള പ്രേമലേഖനം ഞാൻ കൊണ്ടുക്കൊടുത്തപ്പോൾ മഞ്ജുചേച്ചി സ്നേഹത്തോടെ സമ്മാനിച്ച അടിയുടെ ഒച്ചകേട്ട് ഓടിവന്ന പത്മാക്ഷിടീച്ചറുടെ പെരുവിരലിൽ നിന്ന് ഇരച്ചുപൊന്തിയ വല്ലാത്ത വികാരം 'എടാ' എന്ന വിളിയോടൊപ്പം അവസാനിച്ചത് എന്റെ കവിളിൽ ഒരു ഓലപ്പടക്കം പൊട്ടിച്ചുകൊണ്ടായിരുന്നു. ഒരു എട്ടാം ക്ലാസുകാരന്റെ ഗർവം ആരുകേൾക്കാൻ... അരിമ്പ്ര ബസിന്റെ മുന്നിലെ കണ്ണാടിയിൽ എത്തിവലിഞ്ഞ് നോക്കിയിട്ട് ഞാൻ സ്വയം അഭിമാനിച്ചു; എന്റെ ഉണ്ണികൃഷ്ണൻ പിപി നീയെത്ര സുന്ദരനാണ്. ഈ യുവകോമളന്റെ മുഖത്തേക്ക്

ഇന്നലെ ആ പെണ്ണുങ്ങളെല്ലാം കൂടി ഒപ്പന കളിച്ചത്. അല്ലെങ്കിലും പറഞ്ഞിട്ട് കാര്യല്ല. ആ കൊരങ്ങൻ പ്രേമേട്ടന്റെ നാല് തേർഡിയായി വാങ്ങിത്തരാന്നുള്ള മോഹനവാഗ്ദാനത്തിന് മുന്നിൽ തോറ്റ് നിന്നതാണ് പറഞ്ഞോ മനിയല്ലോ. അവസാനം ഒരു തേർഡിയായീം ഇല്ല, ഒരു മാങ്ങാത്തൊലിയുമില്ല. കാണിച്ചുകൊടുക്കാം, അക്ഷരങ്ങളില്ലാത്ത പ്രേമലേഖനം എഴുതാനറിയാത്ത ആ ചതിയനെ പ്ലസ്ടുക്കാർക്കൊന്നാ കൊമ്പുണ്ടോ..

എഴാം ക്ലാസ്കാര് മോശൊന്നും അല്ലാന്ന് ആ മഹാനെ കാണിച്ചുകൊടുക്കണം. മണ്ടച്ചേച്ചീനെയൊന്നും അയാൾക്ക് കിട്ടില്ല. അല്ലെങ്കിലും മണ്ടച്ചേച്ചി എന്താ പാവാ.. കാണാനവിത്തല്ലേ.

കൂളിങ് ഗ്ലാസ്സെടുത്ത് പോക്കറ്റിലിട്ട് നടന്ന് കോറിഡോര് ഡിവിഡിവിക്ക് അപ്പുറത്തെ കുറ്റിക്കാട്ടിൽ ഇന്നലെ ഒളിപ്പിച്ച സച്ചിന്റെ ഫോട്ടോയുള്ള പത്രക്കടലാസെടുക്കാനാണ്. അവിടെ ഞാൻ കണ്ട കാഴ്ച! ഈശ്വരാ പ്രേമേട്ടൻ... പൊട്ടിക്കരയുന്നു..

"എന്താ പ്രേമേട്ടാ എന്തുപറ്റി? അച്ഛൻ തല്ല്യോ?"

"ഇല്ലെടാ. അവള് പ്ലസ്ടു കൊമേഴ്സിലെ ആ ബുജ്ജി വിമൽകുമാറിന്റെ കൂടെ പോയെടാ. ഞാനിതെങ്ങനെ സഹിക്കും... എനിക്ക് ചത്താമതി"..

"പോട്ടെ പ്രേമേട്ടാ.. ഒരബദ്ധം ആർക്കും പറ്റും"

ഞാൻ പുറത്തുതട്ടി, പിന്നെ ഉള്ളിൽ അലറി "ബുജ്ജിക്കൊട്ടവൻ! അങ്ങനെ തന്നെ വേണം" "ഡിവിഡിവിച്ചോട്ടിലെ മരപ്പട്ടി". കൂളിംഗ് ഗ്ലാസ് എവിടെയാണാവോ ???..

# Reminiscence

Silpa V.


When I was a bud
I could not realize my freedom
I was urging to bloom
To experience a new world.
I heard everyone talking
about me
They cared and nurtured me
Then the day came
Slowly I opened my eyes
Dew drops which kissed me
was so nice
only for a moment
Alas! I realized the world around
Now I do lament
To be born in this crowd
Atlast I realized my folly
Being a bud was so holy.



# അഗ്നിച്ചിറകുകൾ

ഹരിതരാജ്

"ഉറക്കത്തിൽ കാണുന്നതല്ല, നമ്മെ ഉറങ്ങാതിരിക്കാൻ പ്രേരിപ്പിക്കുന്നതാണ് സ്വപ്നം"... അഗ്നിച്ചിറകുകളിലേറി ഭാരതത്തെ മുന്നോട്ട് നയിച്ച ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ. സ്വപ്നം കാണാനും അതിനു പിന്നാലെ പോവാനും ഇന്ത്യയെ പഠിപ്പിച്ച ഈ മിസൈൽമാൻ ഇന്ത്യയിലെ ഏറ്റവും ജനകീയനായ രാഷ്ട്രപതിയായിരുന്നു അദ്ദേഹം.



രാഷ്ട്രപതി സ്ഥാനത്തെത്തുന്നതിന് മുമ്പ് ബഹിരാകാശ ഗവേഷണകേന്ദ്രം, പ്രതിരോധ ഗവേഷണകേന്ദ്രം തുടങ്ങിയവയിൽ ഉന്നത പദവി വഹിച്ചിരുന്ന കലാം പ്രഗത്ഭനായ മിസൈൽ വിദഗ്ധനും എഞ്ചിനീയറുമായിരുന്നു. ഇന്ത്യൻ സൈന്യത്തിനുവേണ്ടി ഒരു സൂപ്പർസോണിക് ടാർജറ്റ് ഹെലികോപ്റ്റർ നിർമ്മിക്കുക എന്നതായിരുന്നു ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യദൗത്യം. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ബാലിസ്റ്റിക് മിസൈലിന്റെയും ലോഞ്ചിംഗ് വെഹിക്കിളിന്റെയും സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ വിലമതിക്കാനാകാത്തതാണ്. പൊഖ്റാൻ അണ്വായുധ പരീക്ഷണത്തിൽ സാങ്കേതികമായും ഭരണപരമായും കലാം സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

രാഷ്ട്രീയവൈരം മറന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസും ഭാരതീയ ജനതാപാർട്ടിയും ഒരുപോലെ പിന്തുണച്ച് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ലാളിത്യത്തിന്റെയും കൃത്യതയുടെയും പര്യായമായിരുന്നു. ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗങ്ങളും ആശയങ്ങളും ഇന്ത്യ 2020 എന്ന തന്റെ പുസ്തകത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചു. രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന ഒരു രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു അദ്ദേഹം. അഹമ്മദാബാദ്,

ഇൻഡോർ എന്നിവിടങ്ങളിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിലെ അധ്യാപകനും തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയുടെ വൈസ് ചാൻസലറുമായിരുന്ന കാലം. നിരവധി സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. വിദ്യാർത്ഥികളെ വളരെയധികം ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം 'അഗ്നിച്ചിറകുകൾ', 'ഇഗ്നൈറ്റഡ് മൈന്റ്സ്' തുടങ്ങി നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അഴിമതിവിരുദ്ധ ഇന്ത്യയ്ക്കുവേണ്ടി യുവജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്ത് നടത്തുന്നുണ്ടായിരുന്നു.

വിദ്യാർത്ഥികളോടൊപ്പമുള്ള ചർച്ചകളും സംഭാഷണങ്ങളും ഏറെ ഇഷ്ടപ്പെട്ടിരുന്ന ആ ശബ്ദം നിലച്ചതും അവരുടെ ഇടയിൽ വച്ചായിരുന്നു. 2015 ജൂലൈ 27ന് ഷില്ലോങ്ങിലെ ഐ.ഐ.എം.-ൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടെ ഉണ്ടായ ഹൃദയാഘാതം അദ്ദേഹത്തിന്റെ ജീവൻ കവർന്നു. അവസാനശ്വാസം വരെ വിദ്യാർത്ഥികളോടൊപ്പം ജീവിച്ച ആ മഹദ്‌വ്യക്തിയുടെ ജന്മദിനമായ ഒക്ടോബർ 15, അന്താരാഷ്ട്ര വിദ്യാർത്ഥി ദിനമായി ആചരിക്കുന്നു.

# Empowering India ...

Anagha, Binisiya

In the year 2015, the Indian government launched various schemes and programmes with an objective to transform the country and improve the economy. Prime Minister Narendra Modi launched schemes catering to different fields like agriculture, science and technology, finance, education etc. Let us have a look at few major schemes.

## Digital India

On August 21, 2014, 'Digital India' campaign was launched with the motive to change India into an electronically empowered economy. The programme aims to connect all government departments and people of India, digitally or electronically so that there is effective governance. It also aims at reducing paperwork by making all Government services available to people electronically. There is also a plan to link all villages and rural areas through internet networks.

The three major components of digital India are: Digital infrastructure, digital library and digital delivery. The government plans to complete this project in five years, that is by 2019, Digital India project is expected to be fully functional.

## Pradhan Mantri Jan Dhan Yojana

On August 28, 2014, Prime minister Narendra Modi launched the Pradhan Mantri Jan Dhan Yojana, which was announced which he gave his first Independence day speech on August 15, 2014.

This is a prestigious financial inclusion programme, which on the day of launch made way for 15 million bank accounts and each each account holder was given Rs 1,00,000 insurance cover. By Septemper 2014, 3.02 crore accounts were opened and around Rs 1500 crore were deposited. According to the Yojana, anyone can open new bank account with zero balance too.

## Swachh Bharat Abhiyan

On 24 September 2014, Prime Minister approved the Swacch Bharat campaign, which was a modification of the Nirmal Bharat Programme launched by previous government. The Swachh Bharat Abhiyan was launched formally on October 2, 2014, the birth anniversary of Mahatma Gandhi. The objective is to make India a clean India by 2019, the 150th birth anniversary of Mahatma Gandhi. The plan is to provide toilet and sanitation facilities in all rural and remote areas to create public awareness of cleanliness to clean roads, streets, encroachments and make India one of the cleanest countries of the world.

## Make in India

Make in India quoted basically as a slogan coined by Narendra Modi on September 25, 2014 to attract the global world to invest and manufacture in India. It then became an international marketing campaign. "Make in India" campaign was initiated so that India has ample job opportunities and the economy gets a boost. The ultimate aim is to make India,

a self reliant country. This campaign is completely under the central government, in which the government has identified 25 major sectors which have the potential of becoming a global leader.


## Saansad Adarsh Gram Yojana

It was launched on October 11, 204 with the idea to make India's villages fully developed, with physical and institutional infrastructure. According to this Yojana, each MP will take the responsibility of developing three villages by 2019. The Prime Minister released certain guidelines for this scheme on October 11, 2014 and requested all MPs to develop a model village by the year 2016 in their constituency and two more by 2019.


# നാടകമേ ഉലകം

ജാസ്മിൻ

'മടിയൻ മലചുമക്കും' എന്ന പഴഞ്ചൊല്ലിന് പതിരില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് കൈലാസും ഞങ്ങളുടെ ക്ലാസിലെ ഉണ്ണിയായ ജെസ്റ്റിനും CRPയും LRPയുമായി രംഗത്തിലേക്ക് പ്രവേശിച്ചു. ആ സമയം ഇന്റർ കോളേജിയേറ്റിന്റെ ആഘോഷ തകൃതിയിലായിരുന്നു ഞങ്ങൾ അവരെ എതിരേറ്റത്. ഗ്രൂപ്പിസം പാടില്ല എന്നത് ആദ്യത്തെ



പൊതുനിയമങ്ങളിൽ ഒന്നാണ്. അതുപോലെ ഒറ്റക്കെട്ടാണ്. ഒറ്റക്കെട്ടായി നിന്ന് കൊണ്ട് ഞങ്ങൾ തിരുവാതിര പഠിക്കും. ഇങ്ങനെയൊക്കെയായിരുന്നു അവർ ഞങ്ങൾ [illegible]പ്പോൾ "31 to 35" എന്ന് ചുമ്മാ പറഞ്ഞു. നടക്കാനുള്ളത് പ്രത്യേകിച്ച് ഒരു ഗുണവുമില്ല. എങ്കിലും മറ്റുള്ളവർ കേട്ടാൽ തോന്നും അതൊരു വലിയ പ്രസ്ഥാനം തന്നെയായിരുന്നെന്ന്. അതുപോലെയായിരുന്നു ഞങ്ങൾ മെമ്പേഴ്സിന്റെ പറച്ചിലുകൾ. ഞാൻ ഈ പറയുന്നത് ഒരു ഗ്രൂപ്പിനെ ഒരു ഗ്രൂപ്പ് പ്രഖ്യാപിച്ചു പക്ഷേ ഇതുവരെ അതിൽ ആരൊക്കെയുണ്ടെന്ന് അവർക്ക് ഒരു തീരുമാനവുമായിട്ടില്ല. പറയത്തക്ക വിശേഷമൊന്നുമില്ലെങ്കിലും എനിക്കും ധനുഷിനും ജ്യോതിക്കും വലിയൊരു ആഗ്രഹം തന്നെയായിരുന്നു. അസൂയക്കാർ പറയുന്നതുപോലെ ഒന്നും ഞങ്ങളുടെ കയ്യിൽ വന്നുവെന്നൊരു തോന്നൽ. പക്ഷേ ഞങ്ങളുടെ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായിരുന്നു എന്ന് വൈകാതെ തന്നെ എനിക്ക് മനസ്സിലായി. എല്ലാ ആഴ്ചയിലും വീട്ടിലേക്ക് ഓടിയിരുന്ന എന്നെ ഒരു മാസത്തോളം ഇവിടെ പിടിച്ചു നിർത്താൻ ആ ഒരു കൂട്ടത്തിന് സാധിച്ചു എന്നുള്ളതാണ് എടുത്ത് പറയേണ്ട കാര്യം.



മൂന്നാം വർഷത്തിലേക്ക് കടന്നതോടെ ഒരു [illegible]യായി, ഇനി യാതൊരു കുഴപ്പവുമില്ലാതെ നടക്കാം എന്നുള്ള മനോഭാവത്തോടെയാണ് ഞങ്ങൾ പലരും "Drama"യുടെ "Screening test"ന് പോയത്

# മകനേ പൊറുക്കുക

ജിഫി തോമസ്

മകനേ പൊറുക്കുക!
സാങ്കല്പിക രേഖകളാൽ
മനുഷ്യൻ മുറിവേൽപ്പിച്ച
ഈ ഭൂമിയിൽ നിനക്ക് ജന്മം നൽകിയതിന്.
വെടിയൊച്ചകൾക്കിടയിൽ
ഭീതിയുടെ നിഴലിൽ
നിലവിളികൾക്കു നടുവിൽ
നിന്നെ വളർത്തേണ്ടി വന്നതിന്.



നിന്റെ കളിക്കോപ്പുകൾ
പുസ്തകങ്ങൾ... ചങ്ങാത്തങ്ങൾ
നിറമുള്ള ഒരുപാടോർമ്മകൾ...
ഒക്കെയുമുപേക്ഷിച്ച്
ഒരു സ്വാർത്ഥനെപ്പോലെ
രക്ഷപ്പെടാൻ ശ്രമിച്ചതിന്.
ഒരു ഭീരുവിനെപ്പോലെ
ഒളിച്ചോടിയതിന്.
ഒടുവിൽ ഈ ലോകത്തിന്
മുതലക്കണ്ണീരൊഴുക്കാനൊരു
നിശ്ചല ദൃശ്യമായ്
കടലാഴങ്ങളിലേക്ക്
നിന്നെ തനിച്ച്
വിട്ടുകൊടുക്കേണ്ടി വന്നതിന്

# A Roaring Satire

Anjali. V. A

'Classic witty style' may be one of the best phrase to describe R.K Narayan's books. When asked in an interview, which is his favourite novel, he had named 'A tiger for Malgudi'. This book offers an engaging animal story and maintains a balance between demands of everyday world and attractions of spiritual realm. Also, the novel is a highly successful experiment in narrative voice; especially when the narrator is none other, but a tiger.

In the preface, Narayan explains that the idea for the novel came to him after reading about actual Indian holymen whose only companions are tigers, the animals roaming freely from place to place with other human companions. Narayan also notes in the preface how the sannyasi approaches the tiger. That deep within, the core personality is the same in spite of the differences in appearance and categories and with the right approach you could expect the same response from a tiger as from any normal humanbeing. Such is Narayan's approach to the tiger as well, which suggests that he pictures a world far more expansive than one made up only of human beings living out their mundane lives and believing they are the centre of the universe.


As usual, the story is set in and around Malgudi. It's essentially an autobiography of a tiger which is not just a tiger but more. The tiger has grown out of his wild beast and suddenly gets confronted by human beings. At first he sees humans as

phoney and unintelligent, till one fine day he is caught for a circus. Then he starts fearing human beings and obeying them day in and out. Later he breaks free, then starts the new phase in the tiger's life as he meets Swamiji. Now the tiger perceives human beings with respect and starts getting influenced by Swamiji. The Swamiji has strange power to talk with animals, and they have some really good disclosures in all topics ranging from life to philosophy.

'A tiger for Malgudi' is an unusual book and full of charm. It's a kind of Hindu fable, below the surface of which lie philosophical questions about what makes humans humans and animals animals. It's very characteristic Narayan book full of his quiet observation of people and their frequently absurd behaviour, filled with humour.




2nd years പേടിച്ച് വിറച്ച് നിൽക്കുമ്പോൾ ഒരു കൂസലുമില്ലാതെ ഞാൻ ഒരു കസേരയിൽ ഇടം പിടിച്ചു. ചിലരൊക്കെ സാറിന്റെ കണ്ണിൽ പെടാതിരി-ക്കാൻ 2nd years ന്റെ മറ നിന്നു. ഇവരൊക്കെ എന്തിനാ ഇങ്ങനെ പേടിക്കുന്നത്! 3rd year ആയില്ലേ? ഇനി ആരെ പേടിക്കണം. 1st year ന്റെ 'Screening' കഴിഞ്ഞതല്ലേ എന്ന മനോഭാവത്തോടെയാണ് ഞാൻ അവിടെ ഇരുന്നത് ഞാൻ മാത്രമല്ല എന്നെപോലെ തന്നെ അപാരമായ മനോധൈര്യം ഉണ്ടാക്കിയ വേറെ കുറച്ച് പെൺപിള്ളേരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു നാടകത്തിൽ പങ്കെടുത്തിട്ടുള്ളവരെയും അഭിനയ താല്പര്യമുള്ള-വരെയെല്ലാം ജിത്തേട്ടൻ സെലക്ട് ചെയ്തു ഇതിനോട് ഒരു താല്പര്യവുമില്ലാ-ത്തവരോട് പൊയ്ക്കൊള്ളാനും പറഞ്ഞു. എന്നാൽ ആ ഉപദേശത്തിലൊന്നും ഞങ്ങൾ കുറച്ചുപേർ മാത്രം വീണില്ല. ഈ പിള്ളേരുടെ അഭിനയമൊക്കെ ഒന്ന് കാണാമല്ലോ? 'ആരാന്റെ അമ്മയ്ക്ക് ഭ്രാന്തുപിടിച്ചാൽ കാണാൻ നല്ല ചേലാണല്ലോ?' എന്നൊക്കെ മനസ്സിൽ ആലോചിച്ചുകൊണ്ട് അവിടെ തന്നെ തെളിഞ്ഞിരുന്നു. പോരാത്തതിന് സീനിയേഴ്സുമാണ്. അതുകൊണ്ട് മറ്റൊരു പ്രശ്നങ്ങളുമില്ല. ഞാനും, സുജുവും, അഷിതയും അടുത്തടുത്തായാണ് ഇരുന്നത്. പിള്ളേരുടെ അഭിനയത്തെ ആകാംക്ഷയോടെ വീക്ഷിച്ചുകൊണ്ട് അങ്ങനെ ഇരിക്കുമ്പോഴാണ് അപ്രതീക്ഷിതമായി ആ സംഭവമുണ്ടായത്.



ജിത്തേട്ടന്റെ കഴുകനെപോലുള്ള കണ്ണുകൾ അഭിനേതാക്കൾക്കു വേണ്ടിയുള്ള തിരച്ചിലിൽ ഞങ്ങളുടെ മേൽ പതിച്ചു കഴിഞ്ഞു. ഇനി ഒരു രക്ഷയുമില്ല പെട്ടുപോയി. എന്റെ മാതാവേ!!! എല്ലാം കഴിഞ്ഞു. ഞാൻ ആകെ വിറങ്ങ-ലിച്ചുപോയി. എന്റെയും സുജുവിന്റെയും മനോധൈര്യം ചോർന്നു പോയി എന്നത് ഞങ്ങളുടെ മുഖം കണ്ടാൽ തന്നെ എല്ലാവർക്കും വ്യക്തമാകും. അഷിതക്ക് മാത്രം ഒരു കൂസലുമില്ല. ജിത്തേട്ടനോട് എന്തോ പൂർവ്വ വൈരാഗ്യമുണ്ട്, അത് ഇന്ന് തീർക്കും എന്ന മനോഭാവത്തോടെ അവൾ മുന്നിലേക്ക് നടന്നു. ഞാനും സുജുവും പിന്നാലെ പേടിച്ച് നടന്നു ചെന്നു. കാലുകൾ കൂട്ടിയിടിച്ചിട്ട് എനിക്ക് നടക്കാൻ പറ്റുന്നുണ്ടായിരുന്നില്ല.

ഏതെങ്കിലുമൊരു വിഷയം സെലക്ട് ചെയ്ത് 5 മിനിറ്റ് അഭിനയിക്കാൻ എന്നോടും അഞ്ജിതയോടും ജിതേഷ്‌സർ പറഞ്ഞു. എന്റെ കർത്താവേ!! അഭിനയമൊന്നും ഒട്ടും വശമില്ലാത്ത നേരത്ത്. ഇപ്പോഴും നിങ്ങൾക്ക് ഓർമ്മയുണ്ടാവും ഡാൻസും പാട്ടും ചിത്രരചനയും നല്ല വശമായിരുന്ന നിങ്ങളുടെ ധാരണ തെറ്റി അതും ഒന്നുമറിയില്ല.

കാണികളായി ഇരിക്കുന്ന ഞങ്ങളുടെ പിള്ളേർക്ക് [illegible] വലിയ ആവേശമായി. 1st year ൽ വന്നപ്പോൾ പോലും ഇതുപോലൊരു അവസ്ഥയിലൂടെ കടന്നു പോയിട്ടില്ല ഞങ്ങൾ മാത്രമാണെങ്കിൽ [illegible] ഇല്ലായിരുന്നു. ഇത് പക്ഷേ ജൂനിയേഴ്സും സീനിയേഴ്സുമുണ്ട് [illegible] റാഗിങ്ങിന്റെ പ്രതീതി. പേടിയാണോ അല്ല നാണക്കേടും ചമ്മലും [illegible] ഒക്കെ കലർന്ന ഒരു അവസ്ഥ. ഇത് പറഞ്ഞതെല്ലാം [illegible] ളാണെന്ന് അറിയാം. പക്ഷേ ആ അവസ്ഥയെ ഉൾക്കൊള്ളാൻ [illegible] യാക്കിന് മാത്രം സാധിക്കില്ല എന്ന തിരിച്ചറിവ് ഉള്ളതുകൊണ്ട് [illegible] ഇതൊക്കെ പറഞ്ഞത്. അഞ്ജിതക്ക് ഡിബേറ്റിലും മോണോ ആക്ടിലും ഒക്കെ ചെയ്ത് നല്ല പരിചയമുണ്ട്. ഇതൊക്കെ [illegible]



തന്നെ മടിച്ച്, പൂച്ചയാണിയായ സ്വല്പം [illegible] പൂച്ചഭാവത്തോടെ അവൾ പുറത്തേക്ക് നടന്നു. എന്തുചെയ്യണമെന്നറിയാതെ തെരുവിൽപ്പോലെ പിന്നാലെ ഞാനും. അഞ്ജിതയുടെ [illegible] ത്തേക്ക് നോക്കാൻ തന്നെ എനിക്ക് പേടിയായിരുന്നു. അവളുടെ മുഖത്ത് ആരോടെന്നില്ലാത്ത ദേഷ്യം ഇരച്ചുകയറുകയായിരുന്നു. എനിക്ക് ദേഷ്യമൊന്നും തോന്നിയില്ല എല്ലാം വിധി. ഇതു കണ്ടു നിൽക്കുന്നവരുടെ അവസ്ഥയെ കുറിച്ച് മാത്രമായിരുന്നു എന്റെ ആവലാതി. എല്ലാം വിധിയെന്ന് കരുതി എന്റെ മനസ്സിനെ സ്വന്തമായി സമാധാനിപ്പിച്ചു കൊണ്ടിരിക്കുമ്പോഴാണ് അഭിനയ രംഗത്തേക്ക് പുത്തൻ ചുവടു വയ്പുകളുമായി ഞങ്ങളുടെ [illegible] ചിലരുടെയും വരവ്. ധുന്ധു, പാർവ്വതി, റോഷ്നി, സോണിയ, ക്രിസ്റ്റി, ജിഷി എന്നിവരാണ് ആ നവ നായികമാർ. ഇവരെയൊക്കെ കണ്ടപ്പോൾ എനിക്ക്

കുറച്ച് ആശ്വാസം തോന്നി. 5 മിനിറ്റ് കൊണ്ട് എന്തെങ്കിലുമൊക്കെ ചെയ്യണം. നിസ്സഹായതയോടെ ഞാൻ ശൈലേഷിനെ നോക്കി. എന്നെ ഇതിൽ നിന്ന് ഒന്ന് മാറ്റിത്തരാൻ പറഞ്ഞു. CRP അല്ലേ. എന്തെങ്കിലുമൊക്കെ അഭിനയിക്കാൻ പറഞ്ഞുകൊണ്ട് അവൻ കൈമലർത്തി. അവനും അറിയില്ല അഭിനയിക്കാൻ പറ്റിയ വിഷയങ്ങൾ വന്നാൽ പറഞ്ഞുതരണേ. പിന്നിലു കരയിൽ ഇരുന്ന് തല്ലുകൂടുന്ന പെണ്ണുങ്ങൾ പറയുമ്പോലെ ... അങ്ങനെ പോയി വിഷയാവതരണം. അഭിനയിക്കാനെങ്കിൽ ഇത്രമാത്രം ഒരുങ്ങി നടിക്കേണ്ടതില്ല. ഇനി കുറച്ചു സമയം കൂടിയേയുള്ളൂ. അവിടെ നിന്ന് എന്തെല്ലാമൊക്കെ കാട്ടിക്കൂട്ടണം. ആ സമയത്ത് എന്റെ മനസ്സിലുണ്ടായ വെപ്രാളവും പരിഭ്രാന്തിയും ഇവിടെ വിവരിക്കാൻ കഴിയില്ല. എല്ലാവരുടെയും മുഖത്ത് പരിഹാസവും സഹതാപവും നിറഞ്ഞ പുഞ്ചിരി മാത്രമായിരുന്നു എനിക്ക് കാണാൻ കഴിഞ്ഞത്. കുറച്ചെങ്കിലും എനിക്ക് ആശ്വാസം നൽകിയത് എപ്പോഴും കളിയാക്കി ചിരിക്കാനുള്ള അവൻ തന്നെ മുഖം ആ രീതി മാറ്റി പിടിച്ചു. "സാരമില്ല 5 മിനിറ്റ് ഇല്ലേ? എന്തെങ്കിലുമൊക്കെ അവിടെ നിന്ന് പറഞ്ഞാൽ മതി. വെറുതെ മാർക്ക് ചെയ്യിപ്പിക്കുന്നതാണ് രണ്ട് വാക്ക് പറഞ്ഞ് ഇങ്ങ് ഇറങ്ങിപ്പോന്നേക്ക്." ഹൊ! എന്റെ കർത്താവേ, എന്റെ മനസ്സിലെ തീച്ചൂളയിലേക്ക് വെള്ളം ഒഴിക്കുന്നതുപോലെയായിരുന്നു ആ വാക്കുകൾ. അങ്ങനെ ഞാൻ "നോർമൽ" ആയ അവസ്ഥയിലേക്ക് തിരിച്ചുവരാൻ ശ്രമിച്ചു കൊണ്ടിരുന്നപ്പോഴേക്കും ഇതിനിടയിൽ ഞങ്ങളെ രണ്ടുപേരെയും അഭിനയിക്കാൻ അകത്തേക്ക് വിളിച്ചു. ഇത്രയും നേരം മുഖത്തോട് മുഖം നോക്കി നിൽക്കുകയല്ലാതെ വിഷയം വരെ ഞങ്ങൾ തീരുമാനിച്ചിരുന്നില്ല. അങ്ങനെ ക്ലാസിലേക്ക് കാലെടുത്ത് വയ്ക്കുന്ന സമയത്ത് വിഷയവും തീരുമാനിച്ചു. അടി കൂടുന്ന രണ്ട് അയൽക്കാർ. നല്ല വിഷയം, നാവല്ലേ വായിൽ കിടക്കുന്നത് എന്ന് വിചാരിച്ചുകൊണ്ട് ഇല്ലാത്ത മനോധൈര്യം ഉണ്ടെന്ന് ഭാവിച്ചു ഞാനെല്ലാം ക്ലാസിലേക്ക് ചെന്നു. എല്ലാവർക്കും വലിയ ആവേശമായിരുന്നു. നല്ല കയ്യടികളോടെ തന്നെ അവർ ഞങ്ങളെ സ്വീകരിച്ചു. എന്റെ നിൽപ്പ് കണ്ടാൽ തോന്നും

വർഷങ്ങളായി നാടകരംഗത്ത് പയറ്റിത്തെളിഞ്ഞ വലിയൊരു നടിയാണെന്ന്. സത്യത്തിൽ എന്റെ ഹൃദയം കിടന്ന് പിടപിടക്കുകയായിരുന്നു. അഷിത ഡയലോഗ് തുടങ്ങി. അവൾ പറഞ്ഞതിന്റെ മറുപടിയായി ഞാൻ പറയണം. കുറ്റം പറയരുതല്ലോ? അഷിത നല്ല കലാകാരിയാണ്, ആരോടും ഒന്നും മിണ്ടാതെ പുറത്ത് നിന്ന് അവൾ ഡയലോഗുകൾ ആലോചിക്കുകയായിരുന്നു എന്ന് എനിക്കപ്പോൾ മനസ്സിലായി. ഒരു വാക്കുപോലും ഞാൻ ആദ്യം തിരിച്ചു പറഞ്ഞില്ല. ഇനി അവിടെയിരുന്ന് ഡയലോഗ് പറ എന്ന് ആംഗ്യം കാണിച്ചുകൊണ്ടിരിക്കുന്നതു മാത്രം എനിക്കപ്പോൾ ഓർമ്മയുണ്ട് ജിത്തേട്ടൻ രണ്ടാമത് ഒരവസരം കൂടി തന്നു. പിന്നെ ഒന്നും നോക്കാൻ പോയില്ല. അവൾ പറഞ്ഞതിന് മറുപടിയായി വായിൽതോന്നിയത്. മുഴുവൻ വിളിച്ചു പറഞ്ഞു. നല്ല നാടൻ തല്ല് എന്നു പറഞ്ഞാണ് ജിത്തേട്ടൻ അതിനെ വിലയിരുത്തിയത്



എന്തൊക്കെയായാലും നിന്നെക്കൊണ്ടൊക്കെ എന്നു പറഞ്ഞാൽ മതിയല്ലോ. ഞങ്ങ ഞങ്ങളുടെ ഊഴം കഴിഞ്ഞപ്പോൾ അടുത്ത ടീമുകളെത്തി. പാവങ്ങൾ പുരുഷനും സ്ത്രീയും അടി കൂടുന്നതു കണ്ടാൽ കഷ്ടം തോന്നും. സ്വകാര്യം പറയുന്ന പോലെയാണ് അവർക്കാർ തമ്മിലുള്ള അടി കൂടൽ. കഷ്ടകാലമെന്ന് പറഞ്ഞാൽ മതിയല്ലോ ഞങ്ങൾ കുറച്ചുപേരോട് ഉച്ചകഴിഞ്ഞും സമ്മേളന വരാൻ ജിത്തേട്ടൻ കല്പന നൽകി. ഇതിൽ നിന്നും ഒന്നു തലയൂരാൻ എന്താ വഴി? തലകറക്കമാണെന്ന് പറഞ്ഞാലോ? എന്നൊക്കെ ആലോചിച്ചു തലപുകച്ചു കൊണ്ട് ഇരിക്കുമ്പോഴാണ് കൈലാസിന്റെ കമന്റടി അതു അഷിതയോട്. "എന്തൊരു ജാടയാടാ? വല്ലാ ഉച്ചകഴിഞ്ഞും വരാൻ എന്ന പറഞ്ഞ് എതിർത്തുനിന്ന അഷിതയെ ഒന്നര മണിക്കൂർ നീണ്ട കൗൺസിലിംഗിലൂടെ കൈലാസ് സമാധാനപ്പെടുത്തി എന്നുള്ളതാണ് അവന്റെ ഭരണ കാലഘട്ടത്തിലെ നാഴികക്കല്ലുകളിലൊന്ന്. ഉച്ചകഴിഞ്ഞ് അതിഗംഭീരമായിരുന്നു ഞങ്ങളുടെ "performance". ഞങ്ങ നോക്കിനിൽക്കുമായിരുന്ന അയൽക്കാരായ പരദൂഷണക്കാരികൾ ആ വിഷയത്തിൽ Ph.D എടുത്തിട്ടുള്ളവരായതുകൊണ്ട് വലിയ ബുദ്ധിമുട്ടൊന്നുമുണ്ടായിരുന്നില്ല. സ്വകാര്യമായി പറയുന്ന

കുറച്ച് ഉറക്കെ വിളിച്ചു പറഞ്ഞു എന്നു മാത്രം. ഇതിനൊക്കെ ഇതൊക്കെ വലിയൊരു തെറ്റായിരുന്നോ. ആർക്കും മനസ്സിലായില്ല. അവിടെയിരുന്ന എല്ലാവർക്കും "ഒന്നുമില്ലെങ്കിലും ഞാനും എടുക്കുന്നതിനെ പെരുവഴിത്തിരക്കാടി" എന്നൊക്കെ വിളിച്ചു കൂവിയാൽ ആർക്കെങ്കിലും ചിരിവരാതിരിക്കുമോ? അതും എന്റെയീ കോലം വച്ച് ചുമ്മാ എന്തെങ്കിലും വിളിച്ചുപറയുമ്പോൾ സ്വന്തം ആരോഗ്യസ്ഥിതി കൂടി പരിഗണിക്കണ്ടേ. മോളേ, നിന്നെ അറിച്ച് [illegible] ലാ ഈ നാട്ടുകാർ പറഞ്ഞു നടക്കുന്നത്? നീ ഒരാളുടെ കൂടെ ഒളിച്ചോടി പോയി എന്നാണ് നാട്ടുകാർ പറഞ്ഞു പരത്തി" എന്ന അമ്മയുടെ വാക്ക് കേട്ടപ്പോൾ മകളായി അഭിനയിക്കുന്ന സവിത [illegible] കൊണ്ട് തുളച്ചുചാടിക്കൊണ്ട് "അമ്മേ അമ്മേ" എന്ന് ചോദിച്ചു [illegible] ലും പൊട്ടിച്ചിരിയുയരാതി. [illegible] പറയുന്നതെന്താ കാര്യം? [illegible] ന്മാർക്ക് ഇപ്പോഴും അവർ [illegible] നാടകത്തിൽ [illegible] കിട്ടുന്നില്ല. അല്ലെങ്കിൽ പിന്നെ ആ നാടകത്തിൽ നിന്ന് ഞങ്ങളെ പുറത്താക്കുമോ???

പണ്ടുമുതലേ [illegible] കലിറ്റിയിൽ നിന്ന് പഠിച്ചതുകൊണ്ടും അഭിനേതാക്കളുടെ സ്വാർത്ഥം കൊണ്ടും എങ്ങനെയൊക്കെയോ ആ [illegible] യിൽ ഞാൻ ചെന്നുപെട്ടു. കുട്ടിന് [illegible] പല തെറ്റിദ്ധാരണകളുടെയും ഉത്ഭവവും അവിടെ നിന്നുതന്നെ [illegible] ആണ്. സംഭവങ്ങൾ വിവരിച്ചാൽ ഒരു മാസിക തന്നെ പുറത്തിറക്കേണ്ടി [illegible] അത് വായിക്കുന്നവർക്ക് വലിയൊരു ബുദ്ധിമുട്ടായിരിക്കും. വെറുതെ [illegible] ആസ്വദിച്ചാൽ മാത്രം പോരല്ലോ? വായനക്കാരുടെ [illegible] സൂക്ഷ്മമായി വിശകലനം ചെയ്ത് [illegible] ഇതൊക്കെ ഒരു ബുദ്ധിമുട്ടാണോ, ഞങ്ങളുടേതാണ് ഇതൊക്കെയല്ലേ ചെയ്യുന്ന [illegible] എന്ന പ്രശംസിക്കുന്ന അമ്മയായി [illegible] ഓരോരുത്തരുടെയും മുമ്പിൽ നമിച്ചുകൊണ്ട് നിറുത്തുന്നു.



ഉച്ചവെയിലിൽ ചിത്രങ്ങൾ കോറിയിടുമ്പോൾ


ചിറകുകൾ പൊള്ളുന്നുണ്ടായിരുന്നു.

അത്രമേൽ തീക്ഷ്ണമായിരുന്നു ഭൂമിയും ആകാശവും

# പ്രേമം Vs മൊയ്തീൻ

സഞ്ജയ്, ശ്യാം

"മലരേ നിന്നെ കാണാതിരുന്നാൽ" "എന്നിലെ എല്ലിനാൽ പടച്ച പെണ്ണേ" 2015ൽ ഏറ്റവും കൂടുതൽ മലയാളികളുടെ [illegible] ഈ ഗാനങ്ങളാവാം. മലയാളസിനിമയെ അന്യഭാഷാചിത്രങ്ങളുടെ ഭരണത്തിൽ നിന്ന് മോചിപ്പിക്കുന്നതിൽ പോയ വർഷം പങ്കുവഹിച്ച 'പ്രേമ-ത്തിന്റെയും' "എന്ന് നിന്റെ മൊയ്തീൻ"ന്റെയും സംഭാവനയാണ് ഈ ഗാനങ്ങൾ. ബോളിവുഡിൽ 100 crore ക്ലബ് എന്ന പോലെ മലയാളത്തിൽ സാധ്യമായ 50 crore ക്ലബിൽ 'ദൃശ്യത്തിനു' തൊട്ടു പിറകിലായി സ്ഥാനംപിടിക്കാൻ സാധിച്ച ഈ രണ്ടു ചലച്ചിത്രങ്ങൾക്ക്. അൽഫോൺസ് പുത്രൻ സംവിധാനം ചെയ്ത്, 2015 മെയ് 29ന് റിലീസ് ചെയ്ത പ്രേമം ഒരു വ്യക്തിയുടെ വിവിധ ജീവിത കാലഘട്ടങ്ങളിലെ പ്രണയങ്ങൾ അതിമനോഹരമായി കോർത്തിണക്കിയപ്പോൾ നാല് മാസങ്ങൾക്കുശേഷം ഒരു സെപ്തംബർ 19ന് എത്തിയ വിമൽ ചിത്രം 'എന്ന് നിന്റെ മൊയ്തീൻ' ഇരുവഴിഞ്ഞിപ്പുഴയുടെ തണുപ്പും കാത്തിരിപ്പിന്റെയും വിരഹത്തിന്റെയും നൊമ്പരങ്ങൾ നമുക്ക് പകർന്നു തന്നു.



ഒരിടവേളയ്ക്കുശേഷം മലയാളത്തിനു ലഭിച്ച 'trend setter' ആയ കന്നിചിത്രമായ നേരത്തിലൂടെ തന്നെ ശ്രദ്ധേയനായ അൽഫോൺസ് പുത്രന്റെ അടുത്ത സിനിമയായ 'പ്രേമം' വിവിധ കാലഘട്ടങ്ങളിലൂടെയുള്ള കഥപറച്ചിൽ കൊണ്ട് പരമ്പരാഗതരീതികളെ കടപുഴക്കിക്കൊണ്ടുള്ള ഉജ്ജ്വലമായ വരവായിരുന്നു അത്. പ്രണയവും വിരഹവും മനോഹരമായ പാട്ടുകളുടെയും 'BGM'ന്റെയും അകമ്പടിയോടെ ചിത്രീകരിച്ച്, പ്രേക്ഷകപ്രീതിനേടി നിന്ന "നടി ചാടുമ്പോൾ ക്യാമറയും ഒപ്പം ചാടട്ടെ" എന്ന ശ്രീനിവാസന്റെ പ്രയോഗത്തിന് ഉത്തമ ഉദാഹരണം. നിവിൻ പോളിയുടെ 'ജോർജ്ജ്' എന്ന നായക കഥാപാത്രത്തിന്റെ കോളേജ് കാലത്തെ താടിയും വേഷവിധാനങ്ങളും കേരളത്തിലെ കലാലയങ്ങളിൽ തരംഗമായി. യുവാക്കളുടെ പൾസ് അറിഞ്ഞ് എഴുതിയ

സീക്വൻസുകളും റിയലിസ്റ്റിക്കായ ദൃശ്യങ്ങളും കൊണ്ട് തിയേറ്ററുകൾ ഇളക്കി മറിക്കാൻ 'പ്രേമ'ത്തിന് കഴിഞ്ഞു.

'പ്രേമ'ത്തിന്റെ അലയൊലികൾ കഴിഞ്ഞ് തിയേറ്ററുകൾ ശാന്തമാകുമ്പോൾ ആണ് മലയാളി പ്രേക്ഷകരുടെ ഹൃദയത്തിലേക്ക് മൊയ്തീനും കാഞ്ചനമാലയും എത്തുന്നത്. ഒരു യഥാർത്ഥ സംഭവത്തിന് തിരക്കഥയൊരുക്കി അത് സിനിമയാക്കുമ്പോൾ പല പരിമിതികളുണ്ട്. എന്നാൽ മൊയ്തീന്റെയും കാഞ്ചനമാലയുടെയും അനശ്വര പ്രണയത്തിന്റെ പരിപൂർണ്ണമായൊരു ദൃശ്യവിഷ്കാരമായിരുന്നു. വിമലിന്റെ കന്നിചിത്രമായ 'എന്ന് നിന്റെ മൊയ്തീൻ' ചിത്രത്തിലുടനീളമുള്ള മഴയും കവിതതുളുമ്പുന്ന പാട്ടുകളും ഈ സിനിമയെ ആസ്വാദനത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തുന്നു. ഹിന്ദു-മുസ്ലീം പ്രണയകഥ പലതവണ വെള്ളിത്തിരയിൽ കണ്ടതാണെങ്കിലും പ്രേക്ഷകരെ ഇത്രയേറെ സ്പർശിച്ച ഒരു സിനിമ മുമ്പുണ്ടായിട്ടുണ്ടോ എന്നതിൽ സംശയമുണ്ട്. ആദ്യം പ്രണയത്തിന്റെ മനോഹാരിത ചിത്രീകരിച്ച്, പിന്നീട് കാത്തിരിപ്പിന്റെ കയ്പുനീർ പകർന്ന് ഒടുവിൽ വിരഹമെന്ന യാഥാർത്ഥ്യത്തെയും കണ്ണീരണിയുന്ന രീതിയിൽ ആവിഷ്കരിക്കാൻ സംവിധായകന് കഴിഞ്ഞു. ശബ്ദക്രമീകരണം കൊണ്ട് സംഭാഷണങ്ങളിൽ തന്റേതായ കയ്യൊപ്പ് പതിപ്പിക്കാൻ നായകനായ പൃഥ്വിരാജിന് സാധിച്ചിട്ടുണ്ട്. കാഞ്ചനമാലയെ അവതരിപ്പിച്ച പാർവ്വതിയടക്കമുള്ള അഭിനേതാക്കളുടെ പ്രകടനവും മികവുറ്റ ദൃശ്യങ്ങളുമെല്ലാം ചേർന്ന് കഥ നടക്കുന്ന സമയത്തെ 'മുക്കം' എന്ന ഗ്രാമത്തിലേക്ക് കാണികളെ കൊണ്ടുപോയി. അണിയറപ്രവർത്തകരുടെ നിരവധി വർഷങ്ങളുടെ പ്രയത്നത്തിന് കിട്ടിയ അഭിനന്ദനമായി 'എന്ന് നിന്റെ മൊയ്തീൻ'ന്റെ ഐതിഹാസിക വിജയം.

എല്ലാത്തരത്തിലുള്ള പ്രേക്ഷകരെയും തൃപ്തിപ്പെടുത്താൻ 'എന്ന് നിന്റെ മൊയ്തീന്' കഴിഞ്ഞപ്പോൾ 'പ്രേമം' ആകർഷിച്ചത് പ്രധാനമായും യുവസമൂഹത്തെയായിരുന്നു. 'ന്യൂജൻ' ശീലങ്ങളും അവർ കടന്നുപോവുന്ന ജീവിതാനുഭവങ്ങളും ആവാഹിച്ച 'പ്രേമം' മുതിർന്നവർക്ക് അത്രകണ്ട്

ബോധിച്ചില്ല. ഈ സിനിമയിൽ നിന്ന് നല്ലതൊന്നും തങ്ങളുടെ 'മക്കൾക്ക്' കിട്ടില്ലെന്ന് ഒരു വിഭാഗം വിശ്വസിക്കുന്നു. സിനിമയെ അനുകരിച്ച് CET കോളേജിലും മറ്റും അരങ്ങേറിയ പ്രശ്നങ്ങൾ. പ്രേമത്തിനെതിരെയുള്ള വിമർശനങ്ങൾക്ക് മൂർച്ചകൂട്ടി. പ്രേക്ഷകപ്രീതി എന്ന തുലാസിൽ വെച്ചളക്കുമ്പോൾ 'പ്രേമം' 'മൊയ്തീനു' പിറകിലായി. യുവ അഭിനേതാക്കൾക്കെല്ലാം അവരുടെ കഴിവുകൾ വെളിപ്പെടുത്താനുള്ള അവസരം 'മൊയ്തീനിൽ' കിട്ടിയപ്പോൾ നിവിൻ പോളിയുടെ ജോർജിനു മാത്രമാണ് 'പ്രേമത്തിൽ' അതിനവസരം ലഭിച്ചുള്ളൂ. ഇതൊക്കെയാണെങ്കിലും 'Making of a film' കണക്കിലെടുക്കുമ്പോൾ പ്രേമത്തിനായിരുന്നു മുൻതൂക്കം. സിനിമ ഇങ്ങനെയൊക്കെയായിരിക്കണം എന്ന ധാരണയ്ക്കേറ്റ വലിയൊരടിയായിരുന്നു ഈ ചിത്രം. ഒരു പുതിയ അവതരണശൈലി തുടങ്ങാൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. ചില രംഗങ്ങൾ മൊയ്തീനുമുണ്ട് സവിശേഷതകൾ. ചിത്രത്തിൽ മൊയ്തീൻ ഹോസ്പിറ്റലിൽ കിടക്കുന്ന രംഗം ഒരു തോരട്ട നൂലിൽ കിടന്ന് പിടയുന്നത് കാണിച്ച് കൊണ്ടാണ് ആരംഭിക്കുന്നത്. മരണത്തോട് മല്ലടിക്കുന്നത് ഇത്രയും പ്രതീകാത്മകവും ലളിതവുമായി ചിത്രീകരിക്കാൻ വേറെ കഴിയില്ല.

എന്ന് നിന്റെ മൊയ്തീൻ വന്നതുകൊണ്ടാണ് പ്രേമത്തിന്റെ അലയൊലികൾ കെട്ടടങ്ങിയതെന്ന് ഒരു വിഭാഗം പറയുന്നുണ്ട്. ഇതിനോട് പൂർണമായും യോജിക്കാൻ കഴിയില്ല. കാരണം പ്രേമം അതിന്റെ എല്ലാ സവിശേഷതകൾക്കുമുപരി ഒരു 'trend setter' ആയിരുന്നു. അതുകൊണ്ട് തന്നെയാണ് ഒരു സമയം കഴിഞ്ഞപ്പോൾ നമുക്ക് ആ സിനിമയോട് ഒരു അതൃപ്തി തോന്നാൻ കാരണം. എന്തൊക്കെയായാലും മലയാള സിനിമാ ചരിത്രത്തിലേക്ക് 2015ന്റെ ഏറ്റവും വലിയ സംഭാവനകളായിരുന്നു 'പ്രേമവും' 'എന്ന് നിന്റെ മൊയ്തീനും'.

# Brave in Life, Brave in Death

Shafna P.C.

As bullets mercilessly riddled into her body, Neerja's body swayed, but she continued her duty of protecting the airline passengers. Finally her mortal body fell, but her soul rose to heights from where there can never be any fall ever again - the arms of God, the very Almighty who sent her to Earth as a guardian angel of 400 passengers of the fateful flight of Pan Am.



Neerja is the first and only woman reciept of India's highest civilian award for bravery, the 'Ashoka Chakra'. She was also awarded the 'Tagme-e-Insaniyat' (Pakistan), the flight safety foundation Award and the medal of Heroism of National society of the sons of the American revolution (U.S.A)

She was born to a Brahmin family in Chandigarh on 7th September 1963. At an early age of 22 years, she got married and joined her husband in the Gulf. But unfortunately her marriage lasted only for 2 months because of dowry pressure. After escaping from her troubled marriage, she returned to Mumbai and lived with her parents. At this time, she got a job as a flight attendant for Pan Am and went to Miami for training. Her compassionate heart, dedication towards her work and beautiful face complimented her job.

However, an unfortunate incident took place two days short of her 23rd birthday, which changed her life, that of her family and left an imprint on the pages of history. On 5th September 1986, four terrorists hijacked the Pan Am flight 73, at Karachi en route to Frankfurt

and onward to New York City. Their targets were the American travellers on the plane but with remarkable presence of mind, Neerja activated a hijack code on the aircraft's intercom which let cockpit members escape. Unfortunately the 3 member cockpit crew of pilot, co pilot and the flight engineer abandoned the aircraft leaving 400 passengers and 13 member cabin crew in the hands of brutal, thoughtless terrorists. Since Neerja was the cabin crew leader, she took over command. What followed was amazing. Neerja kept the passengers calm. Comforting them, she served coffee and sandwitches and her charming smile eased the tide of fear that had swept across their faces. She realised that the Americans were the main targets and in a brilliant move, she discreetly collected all the American passports and hid them. There couldn't have been better way to confuse the terrorists.

The real life, high tension drama continued for 17 hours. Suddenly as the power began to fall and light became very dim, terrorists began to fire blindly. Instantly, Neerja dashed to emergency door and flung it open, calling out a cry, "Get out, run!" the words that continued to ring in the ears of the survivors. She used all her strength to guide and push people down the chute and while shielding three children, she absorbed the onslaught of bullets into her own body.

'Do your duty, come what may' was her motto and she stood by it until her last breath. In a self-centered society like ours, Neerja provides a hope that may rekindle our faith in humanity. Her story is not one which can be read and forgotten but one out of which values can be extracted and imbibed into our own value system. At present, we need more Neerjas to fight injustice and act courageously to make this world a better place to live in.

# അവളുടെ മുടി

അശ്വതി. പി. വി

അയാൾക്ക് വളരെ ഇഷ്ടമായിരുന്നു അവളുടെ മുടി, കറുത്ത് ഇടതൂർന്ന നീണ്ട മുടി. അതായിരുന്നു അവളുടെ ദൗർബല്യം. അവളേക്കാൾ കൂടുതൽ ആ മുടി താലോലിക്കുന്നതും അയാളാണ്. രാവിലെ ഓഫീസിലേക്ക് പോകാൻ തയ്യാറായി ഇരുന്ന അയാൾക്ക് മുന്നിൽ പ്രിയതമ ദോശയും ചമ്മന്തിയും എടുത്തുവച്ചു. ഒരു കൈകൊണ്ട് അവളുടെ മുടിയെ താലോലിച്ച് അയാൾ ഭക്ഷണം കഴിക്കാൻ തുടങ്ങി. അതാ പാത്രത്തിൽ ചുരുണ്ട് കിടക്കുന്ന അവളുടെ ഒരു മുടിയിഴ. ഛർദ്ദിക്കാനായി വാഷ് ബേസിനിലേക്ക് ഓടുമ്പോഴും അവളുടെ മുടി അയാൾ ഓർത്തു.

# ചരമവീഡിയോ

രോഷ്നി ജോൺ

ർണീം... ർണീം... ർണീം

"ഹലോ"

"ഹലോ അങ്കിളേ
വല്യപ്പച്ചന്റെ വീഡിയോ കിട്ടി
കലക്കീട്ടുണ്ട്ട്ടോ..
ആ കെടപ്പ് കാണുമ്പോ തന്നെ
കരഞ്ഞുപോവും."

# Being Normal

Jyothi K.R.

Making judgement without analysing other unseen aspects would be an easy task. Once I too blamed them for their disgusting performance of giving flying kiss and other gestures, a group of transgender in bright sarees and other accessories.

In South Asia, many hijaras live in well defined and organised communities led by a guru. These communities have sustained themselves over generation life by adopting young boys who are neglected by their family. Transgender people experience a mismatch between their gender identity or gender expression and their assigned sex. The confusion starts as they grow up and finally the bitterness of mockery about their gender. Each one of them, at least at any stage of life would have felt hatred towards their life. The terrible part of this is that their parents even couldnot adjust with that change. No one in our society has got that feeling to admit them as one among them. How many of us have passed them without a stare or mocking attitude...? Their presence is not the mistake of any one, still we ignore and outcast them without any reason. Though education rights are legally present, have you even thought how many of them actually thrived there. Some of the transgenders in an interview have reported about the insults they had faced in classroom by teachers. Many of them have stopped going to school or colleges because of this pressure of mental harassment. There are films where they are being portrayed pathetically and as objects

for sexual usage. Due to such activities, some have left their home towns.


State chief secretary Jiji Thomson unveiled the document of state policy for transgenders in Kerala 2015 by handing over its copy to noted transsexual gender minority activist Akkai Padmashali during the inagural ceremony of the first international conference on gender equality. It ensures them equal access to social and economic oppurtunity, resources, right to equal treatment under the law, right to live without getting molested and without violence and equitable right in all decision making bodies. It has helped to a great extent to empower them and such an example is that of K. Prathikayashini who has undergone sexual reassignment surgery and became India's first transgender police officer. Many associations are coming up that could strengthen them and help in voicing their demands. Nowadays we could see the changing attitude of society towards them. It's high time we respect and accept them for what they are. Do not neglect them because they too are humans with emotions and intelligence. If we just supported them, then they could make miracles happen

# എൻമകജെയിലൂടെ

ആതിര. ജി. ആർ

"പരീക്ഷിത്ത്"... പൂർവികർ തുടങ്ങിവെച്ച മഹായുദ്ധത്തിന്റെ ദുഷ്ഫലം ഗർഭപാത്രത്തിനുള്ളിൽ വച്ചുതന്നെ അനുഭവിക്കേണ്ടിവന്ന പാണ്ഡവപൗത്രൻ. പോയ തലമുറയുടെ ചെയ്തികൾക്കുള്ള തിരിച്ചടികൾ നിസ്സഹായരായെന്നോണം ഏറ്റുവാങ്ങിക്കൊണ്ട് ഇന്നും പരീക്ഷിത്തുമാർ ജനമെടുക്കുന്നു, പല ദേശങ്ങളിൽ... പല നാടുകളിൽ.

കേരളത്തിന്റെ മണ്ണിൽ ഇതുപോലെ പിറവിയെടുക്കേണ്ടിവന്ന ഹതഭാഗ്യരായ മനുഷ്യജീവികളിലേക്കൊരു നേർക്കാഴ്ചയാണ് ശ്രീ. അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവൽ. ഒരു കാലത്ത് മാധ്യമങ്ങളിലൂടെ കണ്ണ് നനയിപ്പിക്കുകയും പിന്നീട് നാം വിസ്മൃതിയിലേക്ക് സൗകര്യപൂർവം തള്ളിവിടുകയുമായ എൻഡോസൾഫാൻ ദുരന്തത്തെ ഹൃദയത്തിൽ ആഴത്തിൽ മുറിവേൽപ്പിക്കുന്ന ഒരു വായനാനുഭവമാക്കിമാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു.



ഭൂതകാലത്തെ മറവിയിലുപേക്ഷിച്ച പേരുകളില്ലാത്ത രണ്ടു മനുഷ്യർ, ഒരു സ്ത്രീയും ഒരു പുരുഷനും. മുഖംമൂടികളണിഞ്ഞ സമൂഹത്തിൽ നിന്നകന്ന് പച്ചമനുഷ്യരായി ജീവിക്കുന്നവർ. വിരൂപ മുഖം വാർധക്യം ബാധിച്ച ഒരു കുഞ്ഞിനെ വനത്തിൽ നിന്ന് ലഭിക്കുന്നതോടെ അവരുടെ ജീവിതവും മാറുകയാണ്. "പരീക്ഷിത്ത്" എന്ന് പേരിട്ടുവിളിച്ച അവനെ രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ അവർക്ക് തങ്ങളുടെ ഭൂതകാലത്തിലേക്ക് തിരിച്ചുപോകേണ്ടിവരുന്നു. സമൂഹത്തിലേക്കിറങ്ങിച്ചെന്ന നീലകണ്ഠനും ദേവയാനിക്കും കാണേണ്ടി വരുന്നത് 'എൻമകജെ'യിലേയും 'സ്വർഗ'ത്തിലേയും പരീക്ഷിത്തിനെ പോലെയുള്ള ദുരിതം പേറുന്ന കുഞ്ഞുമുഖങ്ങളെ ആയിരുന്നു. പേരുകൊണ്ട് മാത്രം സ്വർഗം ആയ ആ കാസർഗോഡൻ ഗ്രാമങ്ങളിൽ നീതിക്കുവേണ്ടി ഒരു കൂട്ടം മനുഷ്യർ നടത്തിയ പോരാട്ടങ്ങളുടെ കഥയാണ് 'എൻമകജെ'. യഥാർഥ ജീവിതത്തിൽ ആ പോരാട്ടങ്ങളിലെ എഴുത്തുകാരന്റെ പങ്കാളിത്തം ഈ സൃഷ്ടിക്ക് നല്ലൊരു

മുതൽക്കൂട്ടായിട്ടുണ്ട്. ഒരു കൃഷിശാസ്ത്ര വിദ്യാർത്ഥിനിയായ എന്നെ അത്ഭുതബോധം കൊണ്ട് ശ്വാസം മുട്ടിച്ചിട്ടുണ്ടായിരുന്നു ഈ നോവൽ. പ്രകൃതിയുടെ താളം മനുഷ്യൻ മറക്കുമ്പോൾ ഇതുപോലെ ദുരന്തങ്ങൾ വേട്ടയാടാനെത്തുന്നു. തനിയെ ചിറകുവിരിക്കാനാവാതെ പോയ ആ ശലഭക്കുഞ്ഞുങ്ങളെ മറക്കാതിരിക്കാം ഈ പുസ്തകവായനയ്ക്ക് ശേഷമെങ്കിലും.

# ചൂടുള്ള വാർത്ത

സുജൈന

തെരുവുനായകളുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി ജനങ്ങളെ മരം കയറ്റം പഠിപ്പിക്കാൻ സർക്കാർ നിർമ്മിച്ച സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിനെത്തിയ മന്ത്രിയടക്കമുള്ള പ്രമുഖർക്ക് പട്ടിയുടെ കടിയേറ്റു.

# മൃത്യു

മേഘ

നീയെന്റെ സതീർത്ഥ്യനാണ്
സന്തത സഹചാരിയും
സഞ്ചരിക്കാനുള്ളത് ഒരേ ദൂരം
തൊട്ടുതൊട്ടില്ല എന്ന മട്ടിലാണ് യാത്ര
ഉരിയാടാൻ മാത്രം മടി
ഉയിരെടുക്കാനതില്ല താനും
അല്പൻ അർദ്ധരാത്രിക്കും കുട പിടിക്കുന്നതു കണ്ട്
ഉള്ളിന്റുള്ളിൽ ചിരി
പാരിൽ ചെയ്യേണ്ട കാര്യങ്ങളോർത്തിട്ടു
പാവത്തിനാണെങ്കിൽ വേവലാതി
കൂടെ നടന്നയാൾ കുതികാൽ വെട്ടുന്നതു കണ്ട്
അന്ത്യ പ്രജ്ഞനാകുന്നതെന്നാണാവോ !
അതുവരെയെന്റെ തോളിൽ കയ്യിട്ട്
കൂടെയൊരു കാവലാളായ് നീയും.




# Story of a girl untold

Roshna

Sometimes few things happen for a reason. Some say each day is a new lesson for us. It brings in new experiences, new people and manymore. But for Sam aka Samaira, it was an important day in her life, a day which she will never forget.

On that fateful day, she was usual woke up for jogging. It was unusually early about 5.30 am. Though it was still dark outside, for Sam nothing stops her from jogging. She was so engrossed in the song playing in her headphones, that she didn't notice that a group of thugs were beating up a guy up a head. Only when she was close enough did she noticed what was happening there. She stopped short, unable to move. Right there infront of her they stabbed a guy in the stomach. Blood was flowing out, staining his shirt red. Another guy hit him on the head with an iron rod. It was the scream that brought her to senses. That was when she noticed there was a little girl and woman standing by the side. They were being restrained by the thugs. They had to be the man's wife and child, thought Sam. Apparently nobody had seen her. All she could think was how to save the woman and the girl. She silently moved towards them and hid behind a tree. She suddenly emerged from behind the tree and attacked the thug holding the girl. The guy was surprised, which gave her enough time to yank the rod out from his hands. She hit him with it on his head and he collapsed on the ground. By that time, one of the thugs holding the woman started coming towards her. She blindly swirled the rod in all



directions with as much force as possible and luckily it hit him square in the face. He fell down and didn't get up. Sam took the little girl's hand and ran towards the woman. All the commotion had alerted the other thugs. They all started coming towards her. Sam was confused. She couldn't handle them all. Then the woman shouted "Run.. please save my daughter... Run please..." Sam stopped short and fled in the opposite direction with the little girl with her. They ran and ran. Sam looked at her watch, it was 7.00 am. They had been running for about 40 minutes. She looked behind her, the thugs were nowhere in sight. She scanned her surroundings and it was then she noticed that on both the sides were vast stretch of forest. She took the girl and ran into the forest. Sam asked, 'by the way, what is your name?' 'Its Nandu' the girl said. She asked her, 'do you know who were those guys?' "they killed my dad and will kill mom too. Then they will come for me" saying this started crying. Sam didn't know what to say. She just hugged the girl tightly. Later they resumed their walk. For miles and miles they walked deep into the forest. Nandu started talking about her life. Her dad was a journalist and her mom was a teacher. Their family was a happy one until her dad stumbled upon a case. According to her he used to say he is gonna expose a very influential industrialist. She didn't know more about it. Sam felt that she need to act quickly as both Nandu's and her life are at stake. After many hours of walking they reached the other side of the forest. Luckily they got a lift from elderly couple. Sam quickly explained her situation. They promised to take her to the police station.

Later at the police station, she again repeated what had happened. After all the questioning, Sam realised that Nandu was nowhere to be seen. She asked an officer, "Where is Nandu?" who told her that her relatives came and took her home. Then 2-3 officers came and told her they will be taking her home. On her way to home she thought of all that had happened, about how she had saved the girl. She thought about the woman. She don't know what happened to her, whether she is alive or not. And slowly she drifted to sleep.

Sam woke up hearing some shouting. She looked around and found to her astonishment that she was in an old and dusty room. Where was she? What happened? Then suddenly someone opened the door. A man spoke, "Oh you are awake? Get up," and he took her to another room. There sitting in an armchair was the CEO Raigale Industries, Mr Narasimha Rao. He smiled and said, "you are a very brave girl. Girls like you are inspiration to many. But sadly nobody is going to know about this girl. Very unfortunate, I must say." Sam remained silent. "Hey, why are you so silent? Are you afraid to die? Don't be. We will make it quick. Ok." Sam spoke, "Why are you going to kill me?" Narasimha said, "You don't know? You just screwed up everything showing up at the street. Why couldn't you just walk away? answer me, why! That idiot journalist, he has some evidence against me, so I need to eliminate him. But you... you spoiled everything." Sam said, "What evidence?" "He had some photos and videos showing me stabbing that DGP. Anyway that DGP was just a waste. He had been watching me for some years. So I had to kill him. Poor guy. Nobody even know where his body is. Wait why are you interested in knowing all these?"

Sam told him, "Nothing. Just curious. Anyway you are going to kill me. So don't worry." "You think I am afraid of you? Oh please..." and he laughed like a maniac. Suddenly there was a sudden explosion. The whole building shook. Narasimha asked his allies to look what happened. But through the door came a group of armed men with rifles. One of them pointed the rifle at Narasimha and said, "You are under arrest Mr. Rao."

Later at the police headquarters, Officer Mathew was questioning Narasimha, "Mr. Rao, you can't pretend that you don't know. We have got evidence." Narasimha said, "What evidence? I don't know what you are talking about." "Then let me show you Mr Rao". And to his astonishment Narasimha heard his own voice speaking about how he had killed the DGP and the journalist and everything. He don't know when did they recorded all this. "This... how did you?"

"I recorded it." Narasimha looked up to see Sam walking towards him. She said, "I recorded it, while you held me captive. Remember??" Narasimha was confused. "You..??"

Mathew said, "Sorry I forgot to introduce Sam. This is our Superintendent of Police Miss Samaira Oliver and the daughter of DGP, Robert Oliver, the one you killed, Rao.." Sam said "My dad and I have been constantly watching all our activities for the past two years. When he went missing I just carried his work forward. That was when Alvin, the journalist came to meet me. Mr. Rao, we have been planning to catch you for past 6 months. Infact all your allies, even those gundas, all were working for us. Even my


kidnapping and everything was an act. Alvin and his family are safe and sound." Narasimha just remained silent and just looked at her blankly. She smiled at him.

It was about 2:30 in the morning, when her phone rang. Sam answered it, "Hello Mathew, what's it?" "Sam bad news, the van carrying Narasimha got blown up. Someone had planted a bomb in it. We couldn't save him, but luckily our other officers are safe, which I find really weird. Even the driver of the van is unscathed. What do you think?" Sam said, "Come on, he is a criminal, Mathew. Let's be happy that he didn't escape, moreover our officers are safe, that's more important than lamenting over some useless criminals. Let us hope some of his enemies had took revenge or something like that. Ok, bye.. see you at the office" and then she hung up. Later, she called up her friend Jack, "Hey thanks... I'm glad you guys are safe. I owe you all". Jack said, " Come on Sam, we all did this for Robert sir.. It is not a big deal..." "Bye Jack," Sam felt relief spread through her whole body. Her mission is complete. She smiled to herself... and thought... love you dad. Our mission is successful.

# പൊട്ടുന്ന വള്ളികൾ

ദേവിക . ഡി.

"തനിക്കെന്തിനിനിയീ
പൊട്ടിപ്പൊളിഞ്ഞൊരീ
വള്ളിച്ചെരുപ്പുകൾ ?
മാറ്റിവാങ്ങിക്കെടോ, അല്ലെങ്കിൽ
വലിച്ചെറിയെടോ..."
പൊട്ടിയ വള്ളികൾ പിരിച്ചിട്ടും നേരം
പുച്ഛത്തിൽ ചെരുപ്പുകുത്തി
പറഞ്ഞിട്ടും വാക്കുകൾ
കാതിലെത്തവേ ഓർത്തയാൾ
എത്ര കമ്പനിതൻ
സദനത്തിലേയ്ക്കൊരിയണം
വീട്ടിലെ തേഞ്ഞൊരാ
വള്ളിച്ചെരുപ്പിനെ.







# ഹരിതവിപ്ലവം - ഒരെത്തിനോട്ടം

രാധിക, ആഷ്നി, കീർത്തന

നൂറ്റാണ്ടുകൾ നീണ്ട ചൂഷണവും ഭരണവും അവസാനിപ്പിച്ച് വെള്ളക്കാർ ഇന്ത്യവിട്ടു. സമസ്തമേഖലകളിലും പുതിയൊരു ചുവടുവയ്പ്പ് ഭാരതത്തിനാവശ്യമായിരുന്നു, ജനസംഖ്യയിലെ ഭൂരിഭാഗത്തിന്റെയും ഉപജീവനമാർഗമെന്ന നിലയിൽ കാർഷികരംഗത്ത് പ്രത്യേകിച്ചും. അങ്ങനെ 1960 കളിൽ ഭക്ഷ്യകാർഷികരംഗത്തെ ഉന്നമനത്തിനായി ഒരു രക്തരഹിത വിപ്ലവത്തിന് തുടക്കം കുറിക്കപ്പെട്ടു. ഇന്ത്യയിലെ കാർഷികമേഖലയ്ക്ക് പുത്തനുണർവ് നൽകിയ ഹരിതവിപ്ലവത്തെക്കുറിച്ച്, സമൂഹത്തിലെ വിവിധതലങ്ങളിലുള്ളവരുമായി ഞങ്ങൾ നടത്തിയ കൂടിക്കാഴ്ചയിലൂടെ...

ഞങ്ങൾക്ക് മറുപടി നൽകിയവർ.

* ഡോ. ജോർജ്ജ് തോമസ്, അഗ്രോണമി വിഭാഗം, കോളേജ് ഓഫ് ഹോർട്ടികൾച്ചർ
* സി. രാജശേഖരൻ, കർഷകൻ, അമ്പലപ്പുഴ
* വി.സി. മധു, സാമൂഹ്യപ്രവർത്തകൻ, അമ്പലപ്പുഴ

ചോദ്യം: ഹരിതവിപ്ലവം നമ്മുടെ രാജ്യത്ത് ആവശ്യമായിരുന്നുവോ? അതല്ലാതെ മറ്റെന്തെങ്കിലും മാർഗം അന്ന് സാധ്യമായിരുന്നുവോ?

ശാസ്ത്രജ്ഞൻ: സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ച ഒന്നായിരുന്നു അത്. പ്രയോഗതലത്തിലുള്ള ഗവേഷണങ്ങൾക്കുശേഷമാണ് ഹരിത വിപ്ലവം നടപ്പിലാക്കിയത്.

കർഷകൻ: കഴിക്കാൻ ഒന്നും തന്നെ കിട്ടാനില്ലാത്ത ആ അവസ്ഥയിൽ, ഹരിതവിപ്ലവം അല്ലാതെ മറ്റ് മാർഗങ്ങളൊന്നും സാധ്യമായിരുന്നില്ല.

സാമൂഹ്യപ്രവർത്തകൻ: ഭക്ഷ്യവസ്തുക്കളുടെ ആവശ്യകതയ്ക്കും ഉൽപാദനത്തിനും തമ്മിൽ അന്ന് വലിയ അന്തരമുണ്ടായിരുന്നു. ഇറക്കുമതിയെ ആശ്രയിച്ചായിരുന്നു നമ്മൾ ജീവിച്ചിരുന്നത്. ഹരിതവിപ്ലവത്തിന്റെ പ്രകാരം ധാന്യകൃഷിയെ അധികം

ആശ്രയിക്കാത്തതുമായ കൃഷിരീതി അന്ന് സ്വീകരിക്കാമായിരുന്നു.

ചോദ്യം: ഹരിതവിപ്ലവത്തിന്റെ ഫലം സിദ്ധിച്ചത് ഏതെങ്കിലും ഒരു വിഭാഗം ജനങ്ങൾക്ക് മാത്രമായിരുന്നോ?

ശാസ്ത്രജ്ഞൻ: ഹരിതവിപ്ലവത്തിന്റെ ഗുണങ്ങൾ എല്ലാവിഭാഗം ജനങ്ങളും അനുഭവിച്ചിരുന്നു. പട്ടിണിമരണങ്ങൾ ഒഴിവായി. ഭക്ഷ്യോൽപാദനം വർദ്ധിച്ചു.

കർഷകൻ: ഭൂരിപക്ഷം കർഷകർക്കും നല്ല വിളവ് ലഭിച്ചിട്ടുണ്ടായിരുന്നു.

സാമൂഹ്യപ്രവർത്തകൻ: ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ല. ഗവൺമെന്റ് നടപടിയിൽ കോട്ടമുണ്ടായിരുന്നു. ചില വിഭാഗം കർഷകർ അന്ന് നേട്ടം ഉണ്ടാക്കിയത്. യഥാർത്ഥ കർഷകർക്ക് അതിന്റെ എല്ലാ ഫലവും ലഭിച്ചിരുന്നില്ല.

ചോദ്യം: ഹരിതവിപ്ലവം നമ്മുടെ കാർഷികമേഖലയുടെ സന്തുലനാവസ്ഥയെ തകിടം മറിച്ചുവെന്നും, നാടൻ ഇനങ്ങളുടെ ഉന്മൂലനത്തിന് കാരണമായെന്നുമുള്ള അഭിപ്രായത്തോട് യോജിക്കുന്നുവോ?

ശാസ്ത്രജ്ഞൻ: ഇല്ല. നമ്മുടെ germplasm collection centre കളിൽ എല്ലാ പരമ്പരാഗത വിത്തിനങ്ങളും സൂക്ഷിച്ചിട്ടുണ്ട്. ഒന്നും നഷ്ടമായിട്ടില്ല.

കർഷകൻ: നാടൻ വിത്തിനങ്ങൾ നഷ്ടമായി എന്ന് പറയുന്നില്ല. പൊക്കം കൂടിയ നാടൻ ഇനങ്ങൾക്ക് നല്ല പ്രതിരോധശേഷി ഉണ്ടായിരുന്നു. പൊക്കം കുറഞ്ഞ പുതിയ ഇനങ്ങൾക്ക് ആയിരുന്നു വിളവുകൂടുതൽ.

സാമൂഹ്യപ്രവർത്തകൻ: തീർച്ചയായും പരമ്പരാഗതരീതിയിൽ നിന്നുമുള്ള മാറ്റം നമ്മുടെ മണ്ണിന്റെ ഘടനയെ മാറ്റി. പ്രകൃതിയുടെ സന്തുലനം തെറ്റിച്ചു. വിളയുന്നത് ഉണ്ണുന്നത് എന്ന രീതി മാറി. നല്ല വിളവു ലഭിച്ചിരുന്ന പല നാടൻ വിത്തിനങ്ങളും നമുക്ക് നഷ്ടമായി.

ചോദ്യം: അന്ന് ഹരിതവിപ്ലവത്തെ അനുകൂലിച്ചവർ ചിലർ ഇന്ന് അതിനെതിരെ പ്രതികരിക്കുന്നത് എന്തുകൊണ്ടായിരിക്കാം?

ശാസ്ത്രജ്ഞൻ: ചില N.G.O കൾ മാത്രമാണ് അങ്ങനെ ചെയ്യുന്നത് അത് അവരുടെ ആവശ്യങ്ങൾക്ക് വേണ്ടിയാവാം

കർഷകൻ: അങ്ങനെ പറഞ്ഞു കേട്ടിട്ടില്ല

സാമൂഹ്യപ്രവർത്തകൻ: പട്ടിണിയും ക്ഷാമവും വിശപ്പുംകൊണ്ട് കഷ്ടപ്പെട്ടിരുന്ന അക്കാലത്ത് പുതിയ ആശയം വന്നപ്പോൾ വിദ്യാഭ്യാസം കുറവായിരുന്ന കർഷകർ അത് സ്വീകരിച്ചു എന്നാലിന്ന് രാസകൃഷിയുടെ ദോഷവശങ്ങൾ മനസ്സിലാക്കിത്തുടങ്ങിയപ്പോൾ അവർ പ്രതികരിച്ചു തുടങ്ങി

ചോദ്യം: പരിസ്ഥിതിപ്രവർത്തകർ അഭിപ്രായപ്പെടുന്നതുപോലെ ധാന്യവിളകളുടെ പൂർണമായ കണക്കെടുപ്പ് നടക്കാതിരുന്നത്; ഹരിതവിപ്ലവത്തിന് കാരണമായോ?

ശാസ്ത്രജ്ഞൻ: എല്ലാവിധ കണക്കെടുപ്പുകൾക്കും ശേഷമാണ് ഗവൺമെന്റ് ഹരിതവിപ്ലവത്തിന് തുടക്കമിട്ടത്.

കർഷകൻ: ധാന്യങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടായിരുന്നു.

സാമൂഹ്യപ്രവർത്തകൻ: ഗവൺമെന്റ് നടപടികളിൽ തെറ്റു സംഭവിച്ചിട്ടുണ്ട്. വാണിജ്യകണക്കെടുപ്പുകൾ നടത്താതെയായിരുന്നു ഹരിതവിപ്ലവം നടപ്പിലാക്കിയത്.



# സെൽഫി

അനീറ്റ എം. ആർ.

യേ... എല്ലാവരും ആംഗ്യം കാണിച്ച് ക്യാമറക്കണ്ണിലേക്ക് നോക്കി, ചിരിച്ച് കാട്ടി. ചായുന്ന ചെരിയുന്ന പല്ലിളിക്കുന്ന എന്തൊക്കെ പുകിലാണ്. സെൽഫിയാണ്... സെൽഫി. ഇതിനിടയിലേക്കാണ് അയാൾ വന്നുകയറിയത്. ഇല്ല, താൻ വന്നത് കുട്ടികളാരും ശ്രദ്ധിച്ചിട്ടില്ല. അയാൾ ഉമ്മറത്തെ ചാരുകസേരയിൽ കിടന്നു. അനുഭവസമ്പത്ത് നിറഞ്ഞ അയാളുടെ മനസ്സിൽ ചിന്തകൾ അലയടിച്ചു. ക്രിസ്മസിന് മക്കളും പേരക്കുട്ടികളും ഒത്തുകൂടുക പതിവാണ്. ഇത്തവണയും പതിവ് തെറ്റിച്ചില്ല. എല്ലാവരും വന്നു. എങ്കിലും എവിടെയോ എന്തൊക്കെയോ തെറ്റുന്നു. ബന്ധങ്ങളുടെ കണ്ണികൾ അകലുന്ന പോലെ.


'കാത്തിരുന്നു കാത്തിരുന്നു പുഴ മെലിഞ്ഞു' ടി.വിയുടെ ശബ്ദം അയാളെ അലോസരപ്പെടുത്തി. മക്കളെല്ലാവരും ടി.വിയ്ക്കു മുന്നിലാണ്. തന്റെ ചുറ്റിലും കാണുന്നത് യാന്ത്രികമായി ജീവിക്കുന്ന ഒരുപറ്റം മനുഷ്യരാണെന്ന് അയാൾക്ക് തോന്നി. തിരക്ക് പിടിച്ച ഈ ലോകത്തിൽ ആർക്കും ആരെയും കേൾക്കാനോ ശ്രദ്ധിക്കാനോ നേരമില്ല. വർഷങ്ങൾക്ക് മുമ്പുള്ള വീട്ടിലെ ഒത്തുചേരലുകൾ അയാൾ ഓർത്തു. മിണ്ടിയും, പറഞ്ഞും, കളിച്ചും, ചിരിച്ചും, ഉല്ലസിച്ചുമുള്ള ആ ദിനങ്ങൾ "കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബമെന്ന" ചൊല്ലിനെ അവ അന്വർത്ഥമാക്കിയിരുന്നു. മാധ്യമങ്ങൾ മനുഷ്യനെ അത്രമേൽ സ്വാധീനിക്കുന്നതിനു മുമ്പുള്ള ആ ദിനങ്ങൾ എത്രയോ സുന്ദരമായിരുന്നു.

ജീവിതത്തിലെ ദുഃഖവും, ദുരിതവും പരസ്പരമുള്ള സംഭാഷണങ്ങളിലൂടെ അലിഞ്ഞില്ലാതാകുമായിരുന്നു. സന്തോഷവും സന്താപവും നൈമിഷികമാണെന്ന് ആ ദിനങ്ങൾ പഠിപ്പിച്ചിരുന്നു. ഒരൊറ്റ നൂലിൽ കോർക്കുന്ന മുത്തുമണികൾ പോലെ, അറ്റുപോയ

കണ്ണികൾ വിളക്കി ചേർക്കുന്ന പോലെ, അന്നത്തെ കൂട്ടായ്മകൾ പരസ്പരബന്ധങ്ങളെ ദൃഢമാക്കിയിരുന്നു. കളിയും ചിരിയും ഉല്ലാസവും ഒത്തുചേരുന്ന ആ നിമിഷങ്ങൾ ജീവിതത്തിൽ അമൂല്യമെന്ന് കരുതപ്പെടുന്നവയിൽ ചിലതായിരുന്നു; തിരിച്ചുകിട്ടണമെന്ന് വ്യാമോഹിച്ചാലും [illegible]

പിന്നെ കാലം കടന്നു പോകുംതോറും ബന്ധങ്ങൾക്ക് ആത്മാർത്ഥതയില്ലാതായി. ആർക്കും ആരെയും കേൾക്കാൻ സമയമില്ല. ആഘോഷങ്ങളും ഒത്തുചേരലുകളും ഫോട്ടോയെടുക്കാനും സോഷ്യൽ മീഡിയകളിൽ നിറയ്ക്കാനുമുള്ളതാണെന്നാണ് പുതുതലമുറയുടെ വാദം. എല്ലാവരും ഒത്തുചേരുമ്പോൾ സെൽഫിയെടുത്ത് ഫെയ്സ്ബുക്കിലും മറ്റും പോസ്റ്റ് ചെയ്യുന്നത് അഭിമാന പ്രശ്നമായി മാറുന്ന പുത്തൻ രീതികളും ആഘോഷങ്ങളും ഓർക്കും തോറും അയാൾ അസ്വസ്ഥനായി.

"അച്ഛച്ഛാ നമുക്ക് സെൽഫിയെടുക്കാം" അയാളെ ചിന്തയിൽ നിന്നുണർന്ന കുട്ടികളാണ് ശിഥിലമാകുന്ന മനുഷ്യബന്ധങ്ങളുടെ പുത്തൻ പ്രതീകങ്ങൾ. "അതെ... നമുക്ക് സെൽഫിയെടുക്കാം" നിർവികാരതയോടെ അയാൾ ആത്മഗതം ചെയ്തു.





ഒടുവിൽ തിരിച്ചു പറക്കുകയാണ്,
ആ പകലിൽ ഞാൻ കുറിച്ച വരികൾ
ആകാശത്തിന് താലോലിക്കാൻ സമ്മാനിച്ചുകൊണ്ട്...
നക്ഷത്രങ്ങൾ അവയ്ക്ക് ജീവൻ കൊടുക്കുന്നതും
പ്രതീക്ഷിച്ചുകൊണ്ട്...

# മഴപ്പച്ചകൾ

അമൃത മനോഹർ

കണ്ണാടിയിൽ പ്രതിഫലിച്ച ആ അവ്യക്തരൂപത്തിലേക്ക് അവൻ നോക്കിനിൽക്കാൻ തുടങ്ങിയിട്ട് ഏറെ നേരമായിക്കാണണം.

"ആഹാ. പുത്തൻ ഉടുപ്പൊക്കെയിട്ട് മോനാകെ സുന്ദരക്കുട്ടനായിട്ടുണ്ടല്ലോ" അവൻ തിരിഞ്ഞുനോക്കി ലക്ഷ്മി ടീച്ചറാണ്. താൻ വന്നിട്ട് ഒരു ദിവസമേ ആയുള്ളെങ്കിലും സ്വന്തം പേരക്കുട്ടിയോടെന്ന പോലെയായിരുന്നു അവരുടെ പെരുമാറ്റം. തന്നോട് മാത്രമല്ല, തെരുവിന്റെ അഴുക്കുചാലിൽ [illegible] മായിരുന്നു. തന്നെപ്പോലുള്ള, ഈ സ്നേഹവീട്ടിലെ എല്ലാ കുട്ടികളോടും.

"ദേ കൂട്ടുകാരെല്ലാം ഉണ്ണിക്കുട്ടനെ കാത്തിരിക്ക്യാ... വേഗം ചെന്ന് അവരോടൊപ്പം കളിക്ക്" ടീച്ചറിന്റെ വിളിയിലെ 'ഉണ്ണിക്കുട്ടൻ' എന്ന അപരിചിത നാമം പലതവണ മനസ്സിലുരുവിട്ടുകൊണ്ട് അവൻ പിന്നാലെ നടന്നു.

"കുഞ്ഞൂട്ടാ. ഇപ്പൊ മഴ നനയാണ്ട് ഇങ്ങ്ട് കേറിവാ" നാലുമണിച്ചായയും പലഹാരവും കോലായത്തിണ്ണയിൽ വച്ച് ഉമ്മ അവനെ വിളിച്ചു. "ചെക്കന് സ്കൂളിൽ പോകാണ്ടിരിക്കാനുള്ള അടവാണേ മഴയത്ത് കളിച്ച് പനി വരുത്താനുള്ള പരിപാട്യാ"

ഞായറാഴ്ച കൂടവും നാട്ടുവർത്തമാനവും കഴിഞ്ഞു വന്ന് ഉമ്മറത്തേക്ക് കേറുന്നതിനിടെ അച്ഛൻ വിളിച്ചു പറഞ്ഞു. അച്ഛനെ കണ്ടതും കുഞ്ഞൂട്ടൻ ഓടി വീട്ടിലേക്ക് കയറി. [illegible] പറിച്ചെടുത്ത [illegible]

"ഉമ്മച്ചീ പത്രക്കെ ന്റെ തല വേദനിക്കണ്" തോർത്തുമായെത്തിയ ഉമ്മയുടെ കയ്യിൽ നിന്നും കുതറി അവൻ വീണ്ടും മഴയിലേക്കിറങ്ങി.

"ഒരുപാട് നാളായി മഴ നനഞ്ഞിട്ട്. നീ വരുന്നോടീ..." കുഞ്ഞൂട്ടന് പിന്നാലെ അച്ഛനും ഉമ്മയും കൂടി അവനോടൊപ്പം കളിക്കാനിറങ്ങി.

ആ കുടുംബം ഒരുമിച്ചുള്ള അവരുടെ അവസാന മഴനനയലായിരുന്നു

മതഭ്രാന്തിന്റെ കാവിപുതച്ച ഒരു കൂട്ടം ഇരുകാലിമൃഗങ്ങൾ അന്ന് ആ മഴ. വെള്ളത്തെ ചുവപ്പിച്ചു.



ചിന്തയിൽ നിന്നുണർന്നപ്പോൾ അവന്റെ കവിളുകളിലൂടെ മഴ തോരാതെ ഒഴുകുകയായിരുന്നു മനുഷ്യരൂപമെടുത്ത ആ ചെന്നായ്ക്കൂട്ടങ്ങളിൽ നിന്ന് താൻ മാത്രമെങ്ങനെ രക്ഷപ്പെട്ടെന്ന് അവനോർക്കാറില്ല ഓർക്കുന്തോറും കരയുമ്പോൾ ഇന്നും കേൾക്കാറുണ്ട് ജീവനുവേണ്ടി പിടയുന്ന അച്ഛന്റെയും ഉമ്മിച്ചിയുടെയും അവസാന ശ്വാസങ്ങൾ രക്ഷപ്പെടാൻ [illegible]. ഉറക്കമില്ലാത്ത രാവുകളിൽ ഇന്നും മുഴങ്ങാറുണ്ട് ചില ആക്രോശങ്ങൾ

“തക്ബീറും നാമമൊക്കെ അങ്ങ് മിനിലെ”

“കൊന്നുകളയും എല്ലാത്തിനേം”

“നീ ഇണിച്ചു വളർന്ന മതത്തിനെതിരെ സംസാരിക്കും അല്ലേടാ”

തന്നോടൊപ്പം കളിച്ചുവളർന്ന ആ അയൽക്കാരന്റെ ശബ്ദം

അതിനിടയിൽ ഒരു പോലീസ് ജീപ്പിന്റെ മുന്നിൽ ചെന്നുവീണതും അവൻ ഓർത്തു. വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞ ആ പോലീസുകാരനായിരിക്കണം തന്നെ ടീച്ചറുടെ അടുത്താക്കിയതെന്ന് അവൻ ഊഹിച്ചു.

“കുഞ്ഞൂട്ടാ... എന്താ ചിന്തിക്കണേ?” ടീച്ചർ വീണ്ടും വന്നു. കുഞ്ഞൂട്ടൻ ...അതെ കുഞ്ഞൂട്ടൻ അങ്ങനെ തന്ന്യാ ടീച്ചർ വിളിച്ചത് ഉമ്മച്ചീം അച്ഛനും വിളിക്കുന്ന പോലെ.

“ദേ മോനെക്കാണാൻ ഒരാൾ വന്നിട്ടുണ്ട്, ഒന്ന് ഇവിടേക്ക് വന്നേ”

അവൻ ടീച്ചറിനു പിന്നാലെ മെല്ലെ പുറത്തേക്കിറങ്ങി. തന്നെ രക്ഷിച്ച ആ പോലീസുകാരൻ അവിടെയിരിക്കുന്നത് അവൻ കണ്ടു. അയാളോടൊപ്പം ഒരു സ്ത്രീയുമുണ്ടായിരുന്നു അവർ കുഞ്ഞൂട്ടനെ വാരിയെടുത്ത് മടിയിൽ വെച്ചു.

“നിനക്ക് ഇഷ്ടമാണോ ഇവരോടൊപ്പം പോവാൻ?” ടീച്ചറിന്റെ ചോദ്യത്തിന് മറുപടിയായെന്നോണം അവന്റെ കവിളുകളിലൂടെ വീണ്ടും മഴത്തുള്ളികൾ ഇറ്റുവീഴാൻ തുടങ്ങി.


# നന്മമരം

ബിനു. വി. കെ

മനുഷ്യൻ... ചിരിക്കാനും ചിന്തിക്കാനുമുള്ള കഴിവ് സിദ്ധിച്ചവൻ. ചില അടിസ്ഥാന മൂല്യങ്ങൾക്കുമേൽ ജീവിതം പടുത്തുയർത്തുന്നവൻ. ഈ തിരക്കേറിയ ലോകം അവനെ പല മൂല്യങ്ങളും മറക്കാൻ പ്രേരിപ്പിക്കുന്നു. പണത്തിന്റെയും ഭൗതിക സുഖത്തിന്റെയും പിറകേ ഓടിക്കൊണ്ടിരിക്കുന്ന ആധുനിക സമൂഹം ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പാഠങ്ങൾ ചിലപ്പോഴെങ്കിലും മറന്നു പോവുന്നു. ഈയൊരു സാഹചര്യത്തിൽ, മാനവികമൂല്യങ്ങൾ മുറുകെപിടിച്ച് സാഹോദര്യത്തിന്റെ വെളിച്ചം വീശി കടന്നുപോയ നൗഷാദ് എന്ന മനുഷ്യസ്നേഹിക്ക് ഒരായിരം പ്രണാമം...

മനുഷ്യർ ഒന്ന്, അവരുടെ നിലവിളികൾക്ക് ഒരേ സ്വരം, അവരുടെ കണ്ണീരിന് ഒരേ നിറം. അവിടെ മതത്തിന്റെയോ ജാതിയുടെയോ രാജ്യത്തിന്റെയോ ഭാഷയുടെയോ വേലിക്കെട്ടുകൾ ഇല്ലെന്നു കണ്ടുകൊണ്ടാണ് ആ നല്ല മനുഷ്യൻ സ്വന്തം ജീവൻ വെടിഞ്ഞത്. വിദ്യാഭ്യാസത്തിന്റെ അടിത്തറയോ സമൂഹത്തിൽ ഉന്നത സ്ഥാനമാനങ്ങളോ അദ്ദേഹത്തിന് ഇല്ലായിരുന്നു. പാവപ്പെട്ട കുടുംബത്തിൽ ജനിച്ചു വളർന്ന നൗഷാദ് തന്റെ കുട്ടിക്കാലം തൊട്ടേ ജോലിയെടുക്കാൻ തുടങ്ങിയിരുന്നു. ആ ജീവിതത്തിലും സത്യസന്ധതയും സ്നേഹവും അദ്ദേഹത്തിന് സഹചാരികളായി. അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലും മാത്രമായി ആ സഹായഹസ്തങ്ങൾ ഒതുങ്ങിയില്ല. റോഡരികിലുള്ള പട്ടിണിപാവങ്ങളിലേക്കും, ചേരിനിവാസികളിലേക്കും മരുന്നിനും ഭക്ഷണത്തിനുമായി ചക്രശ്വാസം വലിക്കുന്ന രോഗികളിലേക്കും ആ കാരുണ്യത്തിന്റെ കരങ്ങൾക്ക് എത്താൻ കഴിഞ്ഞു... ആശ്വാസമേകാൻ കഴിഞ്ഞു.

മറ്റുള്ളവരുടെ നിലവിളികളും കഷ്ടപ്പാടുകളും കണ്ടില്ലെന്നു നടിക്കാൻ നൗഷാദിനാകുമായിരുന്നില്ല. അതുകൊണ്ട് തന്നെയാണ് നാമെല്ലാരും ആ മനുഷ്യൻ ഇന്നും പേരുമറിയാത്ത തന്റെ സഹജീവികളെ സഹായിക്കാൻ വേണ്ടി വിഷവായു നിറഞ്ഞ അഴുക്കുചാലിലേക്ക് മറ്റൊന്നും ചിന്തിക്കാതെ എടുത്തുചാടിയത്. ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും നമ്മെപ്പോലെ ആ ചെറുപ്പക്കാരനും ഉണ്ടായിരുന്നു. കഷ്ടപ്പാടുകളും നിലവിളികളും കണ്ടുമുന്നിൽ അനങ്ങാതെപ്പോഴും പ്രതികരിക്കാതെ Onlineൽ ജീവിക്കുന്ന നമ്മളടങ്ങുന്ന സമൂഹത്തിന് ഒരു പാഠമാവട്ടെ നൗഷാദിന്റെ ജീവിതം.



# My bosom cries

Krishnaveni

I am sorry to have let time fly
I am sorry to have let time
impregnate the void between us
I am sorry for everything from my part
that made us lose our friendship
I am sorry for being ignorant of your love
I am sorry for the unreturned calls
I am sorry for remembering you just in time
as my hairless head rests upon my death bed
With love,
a dying friend whom you thought you had lost in the floods of time.



# ഇന്ത്യൻ സ്പോർട്സ് - 2015

ആൻ, ക്രിസ്റ്റി

ഇന്ത്യൻ കായികരംഗം നേട്ടങ്ങളുടെ ഗോവണിയിലൂടെ കുതിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ വർഷം കഴിയുന്തോറും അതിന്റെ പടികൾ കൂടിവരുന്നു. 2015-ൽ നമ്മുടെ കായികരംഗത്ത് പല മാറ്റങ്ങളും പുത്തനുണർവുകളും കാണാനായി. ഗെയിംസും അത്‌ലറ്റിക്സും കൂടിച്ചേരുന്ന കായികരംഗത്ത്, വിമർശനങ്ങളും വിവാദങ്ങളും ഈ വർഷവും തുടർന്നുവെന്ന് പറയാം. 2015 ഇന്ത്യൻ സ്പോർട്സിലൂടെ ഒരു എത്തിനോട്ടം നടത്താം.



ക്രിക്കറ്റ്, ഇന്ത്യയുടെ ഗ്ലാമർ ഗെയിം. ഏറ്റവും ജനപ്രീതിയും അതോടൊപ്പം തന്നെ വിവാദങ്ങളും ഉണ്ടായിട്ടുള്ള കായിക ഇനം. വീരേന്ദർ സെവാഗ്, സഹീർഖാൻ എന്നിവർ തങ്ങളുടെ ക്രിക്കറ്റ് ജീവിതത്തോട് വിടപറഞ്ഞ വർഷമായിരുന്നു 2015. നാട്ടിൽ ദക്ഷിണാഫ്രിക്കയോടുള്ള ടെസ്റ്റ് പരമ്പരവിജയം ഇന്ത്യൻ ക്രിക്കറ്റിന്റെ കിരീടത്തിലേക്ക് ഒരു പൊൻതൂവൽ കൂടി ചാർത്തി.

ബാഡ്മിന്റണിൽ ചൈനീസ് ആധിപത്യം തടയാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. സൈന നെഹ്‌വാളും കിടംബി ശ്രീകാന്തും പി.വി. സിന്ധുവുമെല്ലാം പോയവർഷങ്ങൾ നേട്ടങ്ങൾ കൊയ്തു. സൈന ലോക ഒന്നാം നമ്പർ താരമായതും ബാഡ്മിന്റൺ വേൾഡ് ചാമ്പ്യൻഷിപ്പിൽ റണ്ണർ അപ്പ് ആയതുമെല്ലാം ഇന്ത്യയ്ക്ക് അഭിമാനിക്കാവുന്ന നിമിഷങ്ങളായിരുന്നു.

ടെന്നീസിൽ എല്ലാ വർഷത്തിൽനിന്നും വ്യത്യസ്തമായി ഏറെ തിളക്കമാർന്ന പ്രകടനങ്ങളായിരുന്നു കഴിഞ്ഞ വർഷം. സാനിയ മിർസ വുമൺസ് ടെന്നീസ് ഡബിൾസിൽ ലോക ഒന്നാം നമ്പർ ആയതും സ്വിസ്താരം മാർട്ടിന ഹിൻജിസുമായി ചേർന്ന നേട്ടങ്ങളും

ഗ്രാൻഡ്സ്ലാം വിജയങ്ങൾ കരസ്ഥമാക്കിയതും ഇവരെ ലോക വുമൺസ് ടെന്നീസ് ചാമ്പ്യന്മാരായി തെരഞ്ഞെടുത്തതും കഴിഞ്ഞ വർഷമാണ്. ഇന്ത്യയുടെ നിത്യഹരിത ടെന്നീസ് താരം ലിയാണ്ടർ പേസ്, മാർട്ടിന ഹിൻജിസിനോടു ചേർന്ന് സീസണിൽ മൂന്ന് ഗ്രാന്റ്സ്ലാം വിജയങ്ങൾ എത്തിപ്പിടിച്ച് ചരിത്രത്തിൽ ഇടം നേടി

ബോക്സിംഗിൽ വിജേന്ദർ സിംഗ് കൈവരിച്ച ജയങ്ങളും, ഷൂട്ടിങ്ങിൽ ജിതുറായും ചന്ദേല ഉൾപ്പെടെ നിരവധിപേരുടെ വിജയങ്ങളും ഒളിംബിക്സ് യോഗ്യതാനേട്ടങ്ങളും എടുത്തുപറയേണ്ടവയാണ്. സ്നൂക്കറിൽ ലോക ചാമ്പ്യൻഷിപ്പും നിരവധി റെക്കോഡുകളും നേടിയ പങ്കജ് അദ്വാനിയും ഏറെ മുൻപിൽ നിൽക്കുന്നു

ഇന്ത്യൻ സ്പോർട്സിന് പുതിയ മാനങ്ങൾ പകർന്നുകൊണ്ട് അരങ്ങേറിയ പ്രോ കബഡിലീഗും ഇന്ത്യൻ സൂപ്പർലീഗുമെല്ലാം വൻ വിജയങ്ങളായി 2015 നൽകിയ ആവേശം നിലനിർത്തിക്കൊണ്ട് പുതുവർഷത്തിൽ നേടിയ സാഫ് കപ്പ് ഇന്ത്യൻ ഫുട്ബോളിന് പുത്തൻ ഉൗർജ്ജം നൽകി

ഇന്ത്യൻ കായികരംഗം കുതിക്കുകയല്ല, വളരുകയാണ്, ദിശാമാറ്റത്തിന്റെ ; പുരോഗതിയുടെ വഴിയേക്ക്. ഈ ശുഭസൂചനകളെ 2016 ബ്രസീൽ ഒളിമ്പിക്സിലെ ഓരോ മെഡലുകളായി നമുക്ക് മാറ്റിയെടുക്കാം... അതിനായി പ്രയത്നിക്കാം...

# പ്രണയത്തിന്റെ രസതന്ത്രം

അദ്വൈത . ഇ . എ


ഒരിക്കൽ, ആസിഡ് ആൽക്കലിയെ
പ്രണയിച്ചു.
പളുങ്കുപാത്രങ്ങളിൽ തങ്ങളുടെ പ്രണയം
അനശ്വരമെന്നവർ കരുതി.
ആ ഒത്തുചേരലിൽ സാക്ഷിയായത്
പിപ്പറ്റും ബ്യൂററ്റും മാത്രം.
ശക്തമായെതിർത്തതോ ഇൻഡിക്കേറ്ററും.
ആൽക്കലിയോടുള്ള അവളുടെ പ്രണയം
നിറങ്ങളാൽ സമ്പുഷ്ടമായി.
തുള്ളികളായ് അലിഞ്ഞുചേരവെ
അവർ സത്യത്തെ തിരിച്ചറിഞ്ഞു.
നിർവീര്യമാകുന്ന ആ നശ്വര പ്രണയത്തിന്റെ
അടങ്ങാത്ത ദുഃഖമായ്
അവസാനനിമിഷങ്ങളിൽ അവർ തീരുമാനിച്ചു
ഒരുമിച്ചു ജീവിക്കാനായില്ലെങ്കിൽ
മരിക്കുക തന്നെ !

# Are we being watched???

Jaseera

The question "Are we really alone?" has been going through the minds of billions of people on Earth for centuries. Infact humans are very curious to know if we are all alone in the HUGE universe and is keen to know what these 'Aliens' look like, where they live and how they live.

Ancient alien theory grew out of centuries old idea that life exists on other planets and humans and extraterrestrials have crossed paths before. Extra terrestrial sightings date back to thousands of years and it is not a phenomenon of recent past. Let us take a little journey back in time and look at some ancient accounts of alien sightings:



Burning Globes: In Rome during the reign of Thedosius A.D 393, it was recorded that a huge luminous sphere accompanied by many smaller ones appeared over the fields of town

Dragons in the sky: It was reported that large 'flame breathing dragons' were flying over China in approximately 747 A.D. The records also mention "men in airships", 1200 years before airplanes were discovered.


A Flying Pan: Ancient Japanese records describe an "earthenware vessel" that flew out of a mountain in the Kii Province in 1180. This vessel left behind a luminous trail

Five stars: In 1458, 'five stars' appeared over Japan. They circled the moon, changed colours three times, then disappeared.

Mystery Airships: In 1909 in Otago, New Zealand, strange moving and some solid bodies in the sky were seen.

Ghost Rockets: In 1946, mostly in Scandinavia and other European countries, numerous UFO sightings were reported. These were called 'Ghost Rockets'

Besides sightings, alien like creatures have shown up on cave paintings. In Chamara (India) people found a cave painting of human-like beings painted on the cave wall. In Italy a cave painting was found, which was estimated to be painted in 10,000 BC and it depicts two human like creatures wearing what appears to be space helmets. Truly interesting, isn't it?



Another theory is that aliens are the time travellers from the future. If we could go back in time now, then no doubt, we could go back to ancient times and seem like aliens to the people of that era. So there lies a possibility that the aliens we see now are just fellow human beings from the future.

Can life exists outside our planet, beyond our galaxy? It is not an impossible idea. But evidences show that aliens have been part of mankind from time immemorial and will always be part of our discussions in the future too. We have no solid proof, but if we extrapolate based on the best available informations we can conclude that other life probably exists out there and perhaps in many places. But the real question is, if at all they exist, what are they up to ???

# മൂഢനാടകം

ശ്രീലക്ഷ്മി. കെ. എസ്

നഗരം തിരക്കിലാണ്,
ജീവിക്കാനായി കഷ്ടപ്പെടുന്നു മനുഷ്യർ,
സമ്പത്ത് സ്വരൂപിക്കാൻ നെട്ടോട്ടമോടുന്നു മറുകൂട്ടർ.
ഉള്ളത് കൊണ്ട് ഓണം പോലെയെന്ന് ചിന്തിച്ച് ചിലർ
സമ്പത്ത് വെട്ടിപ്പിടിച്ച് തിരക്കിൽ ജീവിക്കാൻ മറന്ന ചിലർ
ദരിദ്രനെ ദയവില്ലാതെ നോവിച്ച് രസിക്കുന്ന
ധനികനെ ദൈവതുല്യം വാഴ്ത്തുന്ന നമിക്കുന്ന
നൂതന നീചന്മാർ ധർമ്മങ്ങൾ മറക്കുന്ന
ധൂർത്തടിക്കുന്നു മാതാപിതാക്കൾ തൻ വിയർപ്പിനെ
സന്താനങ്ങൾക്കായ് സുഖങ്ങൾ ത്യജിച്ച പിതാക്കന്മാരെ
ആനയിച്ചിരുത്തി വൃദ്ധ മന്ദിരങ്ങളിൽ
ചുറ്റും നോക്കുകിൽ കാണും ഇന്നിവിടെ പിശാചുക്കളെ
ഹായ് വികസനങ്ങളെന്തെന്ത് പരിഷ്കാരങ്ങളെന്തെന്ത്




വിയർപ്പൊഴുക്കാതെ സുഖമായ് കഴിഞ്ഞുകൂടാം
അന്യന്റെ വിഷമങ്ങൾ കണ്ടില്ലെന്നും നടിക്കാം
പണമെന്ന അഹം ശമിയ്ക്കില്ലെന്നറിയാതെ
ധനമെന്ന ലക്ഷ്യത്തിനായ് മത്സരിച്ചോടുന്ന
പ്രകൃതിയെ നശിപ്പിച്ചു, മണ്ണിനെ നശിപ്പിച്ചു
കർമ്മങ്ങൾ മറന്നു, ധർമ്മങ്ങൾ മറന്നു
മൂകമായ് നിന്നവൾ ഭൂമിയ്ക്കും ക്ഷമകെട്ടു
താണ്ഡവനൃത്തമാടി പ്രകൃതി ദുരന്തങ്ങൾ തൻ രൂപത്തിൽ
ഒടുവിൽ അവൻ അറിഞ്ഞു "ദുരന്തങ്ങൾക്കില്ല ജാതി മതം
അവ ചിന്തിക്കാറില്ല മനുഷ്യ ജീവനുകൾക്കില്ല ഭേദം"

# ബീഫ് protection

Vishak N U






# Eag-le-adership

Shajeena, Anu Ann

Man for many years have taken eagle as a symbol of beauty, bravery, courage, honour, pride, determination and grace. What makes this bird so important and symbolic to humanity is its characteristics. Many of those characteristics have been found closely associated to leadership and is widely researched and accepted globally.

**Positive Trait 1 : Eagles have fine vision and they stay focussed.**

From a distance of 5 kms above the ground, the eagle focusses on its prey. It then swoops down and grasp their prey in one quick swift motion. The eagle rarely loses its prey. It always sits high up on a tree or cliff with its body still, head tilted side to side. Their eyes are specially designed for long distance and can focus with clarity.



Likewise we need to find a big goal to sternly focus on. Once the goal is fixed, do not look for ways to drop it, instead swoop down on our target with such concentration that we never miss our goal. The vision must be big and focussed, as only focussed vision can produce big results.

**Positive trait 2 : Eagles are fearless.**

Eagles are known for their bravery. An eagle will never surrender to the size and strength of its prey. It will always give a fight to win its prey or regain its territory.

Successful leaders are fearless. They can face problems head on. They should never underestimate themselves in front of huge problems instead have courage to climb on those huge pillar and reach at top.

Positive trait 3 : Eagles are high flyers

An eagle never stays within the crowd of bird family. Instead they spread out their wings and soars high on its own. Eagles can fly upto an altitude of 10,000 feet but they are still able to land swiftly on ground.

As a leader, you need to be a part of the average and yet above the average. Your voice must raise for the crowd but be heard over the crowd. But however high you go, never forget the ground. Remember you need to guide people by being with them but still with a command.

Positive trait 5 : Eagles posess vitality

Eagles are full of life and visionary but they find time to look back to their life and re-energies themselves. By the age of 30, their physical body conditions deteriorate fast making it difficult for them to survive. At this point, it retreats to a mountain top and over a five month period goes through metamorphosis. It knocks off its own beak by banging it against a rock, plucks out its talons and then feathers. Each painful stage produces a regrowth of the removed body parts, allowing the eagle to live for another 30-40 years.

There are times in your life, as a leader that you must look back at your life, the good and bad experiences you might have gone through as a leader. You need to remove your negatives and improvise yourselves competant in the challenging life.

So bring out the eagle-ader-ship in you. Focus and fly high in the sky of life.

# ഇവരെ സൂക്ഷിക്കുക

അനിരുദ്ധ്

എല്ലാ കടിഞ്ഞാണുകളും പൊട്ടിച്ചെറിഞ്ഞ്, ദുഃഖങ്ങളില്ലാതെ, തടുത്തുനിർത്താൻ ആരുമില്ലാത്ത തെമ്മാടിത്തരങ്ങളും ചോരിയ തെരുക്കളും gangwar കളും അതിരുപാരി യൗവ്വനത്തിന്റെ മോഹിപ്പിക്കുന്ന നിറങ്ങൾക്കിടയിൽ ചരടുപൊട്ടിയ പട്ടംപോലെ പാറുന്ന ആ കോളേജ് ലൈഫ്... അതും തേടി ഹോർട്ടിയിലെത്തിയ എനിക്ക് കിട്ടിയ കൂട്ടുപ്രതികൾ...

സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും കൈവിലങ്ങുകളാൽ ബന്ധിക്കപ്പെട്ടവർ. നിങ്ങളുടെ മനസ്സിനെപ്പോലും ഇവർ അടിച്ചുമാറ്റിയേക്കാം. ഒന്ന് സൂക്ഷിച്ചേക്കണേ....!



Ahjas

വിദേശി. HUMMER എണ്ണകുടിക്കുന്നതുപോലെ ചപ്പാത്തി തിന്നുന്ന ജീവി. ഇളകിമറിയുന്ന കാലാവസ്ഥയിലും Hello Bhai How are you? എന്ന് പുഞ്ചിരിച്ചുകൊണ്ട് ചോദിക്കുന്ന അഫ്ഗാനി.



Alan

ചളിയിൽ നീന്തിക്കളിക്കുന്ന ഒരു വികാര ജീവി. ചിലപ്പോൾ അവന്റെ കമ്പസാരമൊന്ന് ഒളിഞ്ഞ് നിന്ന് കേൾക്കണം എന്നുവരെ തോന്നിയിട്ടുണ്ട്.



Amal

ദേഷ്യമായ വിപ്ലവകാരി. കുളിക്കാൻ പോകുമ്പോൾ വരെ മുടി ചീകി അണിഞ്ഞൊരുങ്ങിയേ പോകൂ.



Amalendu

Agri കിട്ടിക്കഴിഞ്ഞപ്പോൾ ജീവിതം settle ആക്കാനുള്ള ഓട്ടത്തിലാണ് ടിയാൻ. അതിനൊടുവിൽ ഫോൺ വിളിയുടെ മായാലോകത്തിൽ നീരാടുകയാണവൻ.



Amritha

ഏട്ടന്റെ കല്യാണം നടത്തലാണ് തന്റെ അവതാര ലക്ഷ്യം എന്ന് വിശ്വസിക്കുന്നവൾ. അവളുടെ വ്യഥ കണ്ട് ആ ഏട്ടന് പെട്ടെന്നൊരു നായരുകുട്ടിയെ കിട്ടണേ ദൈവമേ... എന്ന് ഞങ്ങളും പ്രാർഥിക്കുന്നു.



Amrutha

മണിച്ചിത്രത്താഴിനെ ഓർമ്മിപ്പിച്ചുകൊണ്ട് ക്ലാസിൽ കേറിവന്നവൾ. പ്രായം നന്നേ കുറവാണെങ്കിലും അതിന്റെ എല്ലാ വിഢ്ഢിത്തരങ്ങളുമുണ്ട്.



Anagha

അഭിന്റെ സ്വന്തം പെങ്ങൾ. (ഇപ്പൊ അങ്ങനെ പറയുന്നതാണല്ലോ style) ക്ലാസിൽ എന്തു നടന്നാലും അവിടെ പങ്കുണ്ട് പിന്നെ... നമ്മുടെ Judy-യുടെ മലയാളത്തിൽ കണ്ണുണ്ടോ എന്ന് സംശയം.



Anasooya

ജാതി സ്ഥാനിങ്ങാ... എന്നിട്ട് നിലമ്പൂരേക്ക് പോകാൻ Shoranur ഇറങ്ങിയിട്ട് Trissur-ക്കുള്ള ട്രെയിനിൽ തന്നെ കേറിവരും എന്നിട്ട് KSRTC കയറി നിലമ്പൂർക്ക് പോകും.



Aneeta

എന്താ, എന്താ, എന്താാാ.. കാണുന്നവർക്ക് tubelight ആണെന്ന് തോന്നുമെങ്കിലും പിന്നീട് മനസ്സിലാകും Zero bulb ആണെന്ന്.



Anitta

സ്വന്തം ചേച്ചിയുടെ കല്യാണം മുടക്കുന്ന അനിയത്തി. മുഖത്ത് നോക്കി ചിരിച്ച് നുണ പറയുമെങ്കിലും ഉള്ളിലിരിപ്പ് അത്ര നല്ലതല്ലാട്ടോ. ഒരു പരിചയമില്ലാത്തവരെ കേറി ചേട്ടാന്ന് വിളിച്ചിട്ട് ചമ്മിയാലും നാട്ടുകാരിലേ വിഴൂ.



Anjali

അഗ്നേയയുടെ 'Aristotle'. ആകെ വിഷമം കുറിക്ക whatsapp status ഒന്നും മനസ്സിലാവില്ലെന്നതാണ്. ചിരിച്ച് ചിന്തിച്ച് 60-ാം നൂറ്റാണ്ടിന്റെ പ്രവചനം ഇപ്പോ തന്നെ നടത്തുമോ എന്ന് അറിയില്ല.



Annmaria

അന്നമ്മയെന്നൊരു പോലീസ്കാരിയുണ്ടെങ്കിൽ അത് ഇവളാണ്. നൃത്തവും കണ്ടു നിന്നില്ലെങ്കിൽ ഭൂകമ്പം ഉറപ്പിച്ചോ. ഇനിയിപ്പൊ അവളുടെ dance കാണാനുള്ള കാത്തിരിപ്പിലാണ്.



Annika

മനസ്സ് നന്നല്ലാത്തവർ എന്ത് തിന്നാലും തടിക്കില്ലത്രേ അതിനാൽ(ആ ക്രൂരയാണോ ഇവൾ. പത്ത് ചപ്പാത്തി മിനിമം തിന്നും. എന്നാലും ഈർക്കിൽ പോലെയാ.



Anu

മണവാട്ടിയായി സ്റ്റേജിൽ ഇരിക്കുമ്പോൾ വരെ ഉറങ്ങുന്ന ടീമാണ്. പാവം തലേന്നത്തെ കിക്ക് ഇറങ്ങാത്തതു-കൊണ്ടാവും.



Aruna

ശാസ്ത്രത്തിന്റെ മറ്റൊരത്ഭുതമാണ്. എന്തുകൊണ്ടാണെന്നറിയില്ല [illegible] ഇവളുടെ ഇഷ്ട ജീവി. ഒറ്റത്തിരി കൂടി തിരിച്ചാൽ ശരിയാകുമായിരിക്കും.



Ashida

ദേവി എഴുന്നള്ളിയത് പോലെയാണ് നടപ്പ് പുച്ഛമാണ് സ്ഥായിഭാവം. ഉടനെ തന്നെ ഒരു സാഹിത്യ പുരസ്കാരം കിട്ടാൻ സാധ്യതയുണ്ട്.



Ashni

Silent killer വിമർശിക്കുന്നതു കണ്ടാൽ സുകുമാർ അഴീക്കോടിന്റെ ബന്ധുവാണോ എന്ന് തോന്നും 'നാണി'യാണിവൾ. സോമന്റെ വരവും കാത്ത് കണ്ണ് നട്ടിരിക്കുന്നു.



Aswathi

പെൺകുട്ടികൾ കരയുന്നത് എനിക്ക് ഇഷ്ടമല്ല. പക്ഷേ കരയേണ്ട സമയത്ത് പൊട്ടിച്ചിരിച്ച് എന്നെ തോൽപിച്ചവളാണ് ഇവൾ. ആദ്യകാലത്ത് Alan ന്റെ ഒറ്റുകാരിയായിരുന്നെങ്കിലും ഇപ്പോ നന്നായി.



Athira

താമരയാണ് ഇഷ്ട പുഷ്പം. G.R. Vishak കുട്ടികൾക്ക് quiz-ൽ തുടങ്ങിയതാണ് എന്ന് പറയുന്നു. എവിടെ പോണ് എന്തോ എന്തോ?? പിന്നെ തനിസ്വഭാവം കാണണമെങ്കിൽ ജൂനിയേഴ്സ് രണ്ടുപേർ അടുത്ത്വേണം.

നിങ്ങൾക്കൊരു പെങ്ങൾ ഉണ്ടെങ്കിൽ പേടിക്കേണ്ട. മറിച്ച് ഒരു ഏട്ടനാണെങ്കിൽ ഇവളെ ഒന്ന് സൂക്ഷിക്കണം. അവൾ 'Offer' ആണ്. പക്ഷേ... അതിലെന്തൊരു 'ഇതില്ലേ???



Binsiya



Binu

പുട്ടിയിന്റെ വിദഗ്ദ്ധ. ആള് selfie-യിൽ ഭയങ്കര ഗ്ലാമറാ. ഈ 'photoeditor'ന്റെ ഒരു കഴിവേ!

ആണായി പിറന്നെങ്കിൽ നല്ല അസ്സലൊരു പയ്യൻ ആയേനെ. വെറുതെ കാലിന് പണികിട്ടി കുത്തിയിരിക്കുന്നത് കൊണ്ട് പലരെയും ഇന്ന് ഓടിച്ചിട്ട് തല്ലുന്നത് കാണണ്ടല്ലോ ഭഗവാനേ...



Christy



Silent ആണെന്ന് തോന്നിപ്പിക്കുമെങ്കിലും എല്ലാ വേലത്തരങ്ങളും ഉണ്ട്. ഈ ടെൻഷനടിക്കൽ വടി മറക്കാനുള്ള അടവാണോ എന്തോ?

Devika



Devi

അമിതാഭ് ബച്ചന്റെ heightഉം നഴ്സറി പിള്ളേരുടെ സ്വഭാവവും. മേയ്ക്കപ്പിനെ തൊട്ടുതീണ്ടിയിട്ടില്ലെങ്കിലും ചപ്പാത്തി കിട്ടിയാൽ ബഹുത് ഖുശ് ഹൈ.



Durga

Bet വെക്കാനാണെങ്കിൽ ഇവളോടു വെയ്ക്കണം. കാരണം തോറ്റാൽ spot-ൽ treat കിട്ടും. നല്ല കളിക്കാരിയാണെങ്കിലും ഇപ്പോൾ കളി നിർത്തി ഒരുത്തന്റെ coach cum team manager ആയി വിലസുന്നു. പാവം ആ പയ്യന്റെ യോഗം.



Griffy

സ്വന്തമായി പാട്ടുപാടി, സ്വയം ആസ്വദിച്ച് ഭേഷ് ഭേഷ് എന്നു പറയുന്ന ഗായിക. ചില കാര്യങ്ങളിൽ അവളുടെ അഭിപ്രായം കേട്ടാൽ തലയിൽ കൈവച്ചുപോവും.



Haritha

ആറാട്ടുപുഴ പൂരത്തിന് North Indiaയിലെ വരെ ദൈവങ്ങൾ എത്തുന്നതും കാത്ത് ഇരിക്കുന്ന തൃശൂർക്കാരി. ആൾക്കാരെ വെരട്ടിവിടാൻ ഗഡി സ്പെഷ്യലാ...



Harithanaj

കൊല്ലംകാരെ പറ്റി എന്റെ concept മാറ്റിയത് ഇവളാണ്. പക്ഷെ നല്ലോണം ചൊറിഞ്ഞാൽ ഒരു കൊല്ലം തന്നെ സമയമെടുത്ത് എഴുന്നേക്കും. അവളുടെ note-ൽ ഇല്ലാത്തതെല്ലാം ഞങ്ങൾക്ക് out of syllabus ആണ്.



Jaseera

എണ്ണയിൽ ഇട്ട കടുകിന്റെ പൊട്ടിത്തെറിയാണിവൾക്ക്. അങ്ങോട്ട് പോവുമ്പോൾ കൂടെ കൊണ്ടുപോയെന്ന് കരുതിയാ പക്ഷെ ആവുമ്പോൾ CRP-യുടെ കസ്റ്റഡിയിലാ.



Jasmin

വെളിച്ചപ്പാട് ഉറഞ്ഞുതുള്ളുന്ന പോലുള്ള ചിരി ആണേയ. കൂടെ രഹസ്യങ്ങൾ മെസിലൂടെ പരസ്യമാക്കുന്നവൾ വലിയ ആക്ഷേപഹാസ്യക്കാരിയാണെന്നാ വിചാരം ഇവൾ കോളേജിൽ ഉത്തരവുകൊണ്ട് മാത്രം നാടകത്തിൽ അഭിനയിച്ചവളാണ്



Jyothi

Hortiയിൽ വന്നിട്ട് ഏറ്റവും വലിയ സന്തോഷം എന്താ?? Jyothi dance ചെയ്യുന്നത് കണ്ടു. അത് പോയി നാട്ടിൽ പറഞ്ഞപ്പോൾ കിട്ടിയ സുഖം. ആഹാ!!! ഇനി നാട്ടിലെ സ്കൂളിലെ get together special item അതാണ് പൂക്കാരേ പോയി ചൊല്ലാമോ.



Kailas

21-ാം നൂറ്റാണ്ടിലെ കുംഭകർണ്ണനാണ് കൈലാസ് പള്ളത്ത്. ആരോ അറിഞ്ഞിട്ട് കുടുംബപേരാ പള്ളത്ത് ചാപല്യങ്ങൾ കാവ്യാത്മകമാണെങ്കിലും ഇപ്പൊ whatsapp ഉള്ളതുകൊണ്ട് പ്രത്യക്ഷത്തിൽ ഒന്നും കാണാൻ സാധിക്കാറില്ല.



Keerthana

ഒരു മെഴുതിരിയുടെ ജീവിതത്തിൽ ഉരുകത്തിനുള്ള വില ഞാൻ അറിഞ്ഞത് ഡുണ്ടുവിനെ പരിചയപ്പെട്ടത് മുതലാണ്. ഒരിക്കൽ അവളെ ആരോ 'മാലാഖ' എന്ന് വിളിച്ചു. സത്യം. ആ മാലാഖ ഭൂമിയിൽ ഇറങ്ങിയതുകൊണ്ട് മാത്രമാണ് സ്വർഗം അന്ന് മുകളിലേക്ക് ഉയർന്നുപോയത്.



Krishnaveni

താനാരാണെന്ന് തനിക്കറിയില്ലെങ്കിൽ... അപ്പൊ ആരാ നിങ്ങൾ. ഇച്ചായനാണോ നിങ്ങൾ? അച്ഛനോ നിങ്ങളാണോ നിങ്ങൾ? വേദനിക്കുന്ന കോടീശ്വരി ഇവളുടെ അമ്മായിയിലെ അമ്മാവൻ ആരാ???



Liz

ചിലപ്പോൾ തോന്നും ഈ കുട്ടി എന്തിനാ ഇങ്ങനെ ഉത്തരങ്ങൾ വിളിച്ചുപറഞ്ഞ് ബാക്കിയുള്ളവരുടെ ഉറക്കം കളയുന്നത് എന്ന്. ഇവൾ കഴിക്കുന്ന ഭക്ഷണം മുഴുവൻ ശബ്ദത്തിലേക്കാണ് പോവുന്നത് എന്ന് തോന്നും.



Minnu

ഇവളെപ്പറ്റി പറഞ്ഞാൽ അടി എവിടന്നൊക്കെ കിട്ടും എന്നറിയില്ല. പക്ഷെ എപ്പോഴും വയ്യ. പാലാക്കാരി അച്ചായത്തി... ജാതി spirit ഇല്ലാട്ടോ. [illegible] മനസ്സിൽ ചെറിയൊരു കണ്ണുണ്ടേ. പാവം അതൊന്നിന് പുണ്യാളൻ.



Megha

കലാമണ്ഡലത്തിന് ഒരു പര്യായം ഉണ്ടെങ്കിൽ അതിവളാണ്. തല ഒന്ന് പൊക്കി, fit ചെയ്ത ചിരിയുമായേ നടക്കുള്ളൂ.



Parvathy

ശ്രോതാന്തരത്തെ വലിയ പുലിയാണ്. എന്ത് പറഞ്ഞാലും സമാധാനമാണ് നടക്കില്ല എന്ന് പറയില്ല. നോക്കാടാ എന്ന് പവ്വിലിന്റെ ശുഭാപ്തി വിശ്വാസക്കാരിയാണ്.



Pournami

ബോധമില്ലായ്മ വിവരമില്ലായ്മകൊണ്ട് മറച്ചു വെച്ച് ജീവിക്കുന്ന ജീവി. പാലക്കാട്ടുന്ന് അരിയും മണ്ണെണ്ണയും വാങ്ങി പാലക്കാടിനെ കുറ്റം പറയുന്ന കലാകാരത്തി.



Radhika

Item സാധനമാണ്. ഒറ്റ പ്രാവശ്യമേ അവളുടെ കൂടെ നിന്നിട്ടുള്ളൂ അപ്പോൾ തോന്നിക്കുന്ന കാര്യം. കാണാൻ വേണ്ടി കയറിയതാണ് മൊയ്തീൻ പാർക്ക് കണ്ടപ്പോൾ അത് ഇല്ലാതായി. online കണ്ടിട്ട് ഈ article എഴുതാൻ പറഞ്ഞവളോ. നിനക്ക് ദൈവം തരും.



Rahila

സൗന്ദര്യബോധം തീരെയില്ലാത്ത കുട്ടി. അതുകൊണ്ട് powder split dose-ൽ apply ചെയ്തുകൊണ്ടേയിരിക്കും. എല്ലാ ആപ്രിക്കോട്ടുകളും തുണിയകത്ത് ഒളിപ്പിച്ച് നടക്കുന്നവൾ



Renjith

Planning commission എന്ന് കേട്ടാൽ ആദ്യം ഓർമ്മ വരുന്നത് ഇവനെയാണ്. മാരക പ്ലാനിംഗ് ചെയ്ത് സുവർണ്ണാവസരങ്ങൾ പിന്നെ late ആയി പോകും.



Rineesha

മഞ്ഞളിന്റെ brand ambassador ആണെന്ന് തോന്നും. സൗന്ദര്യത്തിൽ പിന്നെ ഒരു നട്ട് ലൂസായതുപോലെയാണ് നടപ്പ്.



Roshna

പണ്ടെങ്ങോ ആരുടെയോ ഫോണോ മനക്കൊച്ചിയുടെ Standard വാക്കിലും നോക്കിയിട്ടുണ്ട്. ജാതി എഴുതാൻ പേടി കാശ് തീരെയില്ലാ. അത് കൊണ്ടായിരിക്കും branded സാധനങ്ങളെ ഉപയോഗിക്കൂ.



Roshni

ഒരു microscope ആണ്. എല്ലാ കാര്യം എങ്ങനെയാണെന്നറി-
യില്ല. അവസാനം ആ microscope-ൽ ഒരു കാര് കാണുന്നില്ലേ?
എന്നൊരു സംശയം സാരമില്ല. Payyoli യിൽ ഇത് നന്നാക്കുന്ന
ഒരു കടയുണ്ട്



Sajay

എന്ത് കണ്ടാലും വെറുതെ എതിർത്തോളും. സിനിമ നിരൂപണ-
മാണ് പ്രധാന പണി. പ്രണയം risk ആയതുകൊണ്ട് കൊത്തി
കൊത്തില്ല എന്ന level-ൽ നടക്കുന്നു. ഹൃദയം എന്നെങ്കിലുമത്തിന്
വേണോ വേണ്ടേ Coimbatore-ന് ഓടിയോ എന്ന സംശയത്തിലാണിപ്പോൾ




Sandra

നർത്തകിയായ ഡിഗ്രൂസ് പണ്ട് അവൻ പറഞ്ഞിരുന്നു
അവന് പള്ളിയിൽ വച്ച് love letter തന്ന കുട്ടിയാണെന്ന്. പിന്നെ-
യാണെ സത്യം മരിച്ചയാണെന്ന് മനസ്സിലായത്. വിശ്വസിച്ചു ഞാനതെ
നാണ് വെച്ചു.



Shafna

ഈ പിസി എന്ന് പറഞ്ഞാൽ ആരാ? കല്യാണാലോചന
കൊണ്ട് വരുന്നവരെ ചവിട്ടി ഓടിക്കുന്നവൾ. മൂന്നു കാമുകിമാരുടെ
റൂമിൽ പഠനം ചെയ്യും online ആയി ഒരു കാമുകനെ തപ്പുന്നു.



Shajeera

ഈ 'Badu'.. Badu എന്ന് കേട്ടിട്ടുണ്ടോ? ചെമ്പരത്തി
'forest'ൽ കിട്ടും. ഇടയ്ക്കിടെ തെറ്റിപ്പോയി, മണ്ണുത്തി തൃശ്ശൂർ
എന്നിവിടങ്ങളിൽ പോയിട്ടുണ്ടെങ്കിൽ ഒരു സമാധാനത്തോടെ



Shilpa

Physics Department-ൽ കയറി കലക്കി ചൂണ്ടിപ്പിച്ചു.
KAU-വിലെ സാധനങ്ങൾ വിഴുങ്ങിയിരുന്നത് ഇവളെപ്പോലെ-
ഉള്ളവർ ഉള്ളത് കൊണ്ടാണ്'



Silpa

ആദ്യമറിഞ്ഞത് എന്റെ ബന്ധുവാണെന്നതാണ്
പിന്നെ വിശദീകരണ യോഗത്തിൽ മനസ്സിലായി
അമ്മായി ആണെന്ന് 'ആൾ ആദ്യമേ കേറി DJ ആയി
പിന്നെ ചെവിടെ ചിരിയേ... അത് സഹിക്കാൻ പറ്റില്ല.



Sonia

ഭാവനായിക... പ്ലിംഗാൻ മാത്രമേ വാ തുറക്കാനുള്ളൂ
ഈ സ്വഭാവം കണ്ട് പോർട്ടിയിലെ പല നേതാക്കന്മാരും
നിലവറന്ന് ചിരിച്ചിട്ടുണ്ട്.



Sujaina

Aagneyayude പുത്രറാണി. മലപ്പുറത്തേക്ക് ബസ് ഇല്ലേലും
സാരമില്ല ഓൾക്ക് phone ൽ charge വേണം. charge എങ്ങാനും
തീർന്നാൽ hostel ലെ ഇക്കമാരെയെല്ലാം ഓള് 'manage'
ചെയ്യും. എന്താണെന്ന് അറിയില്ല എല്ലാ ഇക്കമാർക്കും ഓളോടൊരു ഇത് ആണ്.



Sumayya

വളർന്നുവരുന്ന ഒട്ടകറാണി. ഒരു അവതാരമാണ്. ഓടുന്ന
വണ്ടി വച്ചിട്ട് കൈകൊട്ടിച്ചിരിക്കുന്ന item. ഇടയ്ക്ക്
കൊച്ചിയിലെങ്ങോ ഒപ്പിച്ചിട്ട് ഇപ്പൊ ഇവിടാണ്



Syam

യാത്രാപ്രിയനാണ്. അതുകൊണ്ട് മാത്രം കോട്ടയം വരെ
ട്രാന്തം പോകാൻ ഇഷ്ടപ്പെടുന്ന ഒരു 2nd class
യാത്ര ഇത്ര സുഖമാണെന്ന് ഇവൻ എന്നെ പഠിപ്പിച്ചു.



Tanzeela

പിറന്നൊത്ത ഒരേ ദിവസം ജനിച്ചവർ ഒരേ
വഴിയേ പോകും എന്നൊക്കെ പ്രതീക്ഷിച്ചു.
പക്ഷേ നന്നില്ല. പഠിക്കില്ല.. പഠിച്ചിട്ടില്ല എന്നൊക്കെ
പറയും, പറച്ചിൽ മാത്രമേ ഉള്ളൂ.



Visakh

നിഷ്കളങ്കത ആവശ്യമാക്കി, വളർന്നുവരുന്ന ഒരു
പുഴുവിദഗ്ദ്ധൻ. ഉപദേശിക്കാൻ ഇവനെ കഴിഞ്ഞിട്ടേ
ഈ ലോകത്ത് മറ്റാരുമുള്ളൂ. പിന്നെ ഈ
ചാലക്കുടിക്കാരോടൊക്കെ ഒരു പ്രത്യേക സപ്പോർട്ട്.

NB: ഇവനെ പ്രത്യേകം സൂക്ഷിക്കുക

ആശ്നേയ് 13



Anirudh

ആട്ടിൻ തോലണിഞ്ഞ ചെന്നായ ആ ചിരിയും നാക്കും മതി ഭൂലോകം മറിച്ചിടാൻ ആളൊരു സാഡിസ്റ്റ് കൂടിയാണ് കെട്ടോ. സ്വന്തം നാടിനും നാടിനും (especially മണ്ണാർക്കാട്, ഒറ്റപ്പാലം, ചെർപ്പുളശ്ശേരി) സ്വന്തമായി പബ്ലിസിറ്റി കൊടുക്കുന്ന മോഡിഭക്തൻ. മതസൗഹാർദ്ദം ഉണ്ട് തല്ലുകൊണ്ടാലും സാരല്ല, ആയുർവേദകോളേജിൽ ഒരു സീറ്റ് reserved ആണല്ലോ ഇല്ലെങ്കിൽ ഗോവയിലേക്ക് നീണ്ട ഒരു തീർത്ഥാടനം പകുതി കുടിയതുകൊണ്ടാവും താടി ഇടയ്ക്കിടെ വെളുത്ത് പോവാറുണ്ട്. മലയാള സിനിമയുടെ ഒരു hybrid ആണ് അദ്ദേഹം ഫഹദ് ഫാസിലിന്റെ തലയും ഹരിശ്രീ അശോകന്റെ താടിയും സലിംകുമാറിന്റെ ചിരിയും അശോകന്റെ കണ്ണും അജുവർഗീസിന്റെ പൊക്കവും... പിന്നെ ഇന്നസെന്റിന്റെ ബോഡിയും... ഹൊ.. ഇവനൊരു സംഭവം തന്നെ.



## നന്ദി...

പ്രിയ ആകാശമേ,
ചിറകെഴുത്തുകൾ ഉദ്ധരിച്ച്
പോകേണ്ടുമ്പോൾ
നിന്നിൽ ഞാൻ കുറിച്ചിട്ട വരികൾ
മായ്ക്കാതിരുന്നതിന്...
ചിറകു കുഴഞ്ഞപ്പോൾ
മേഘങ്ങളിലൊളിപ്പിച്ച വരികൾ
കാണിച്ചുതന്ന്
കൂടുതലുയരങ്ങളിലേക്ക്
പറക്കാൻ പ്രേരിപ്പിച്ചതിന്...


Aswathi
Aruna
Radhika
Devika
Binu
Aneetta
Haritha
Rineesha
Jhansi
Keerthana
Sumu
Amalendhu
Pournami
Silpa
Megha
Giffy
Haritharaj
Annika
Ranjith
Amal
Amrutha
Anjali
Jaseera
Anasooya
Sujaina
Durga
Anu
Shilpa
Binisiya
Krishna
Christy
Liz
Anirudh
Jyothi
Shafna
Anagha
Parvaty
Ann
Sajay
Devi
Alan
Kailas
Rahila
Anitta
Roshna
Ashni
Athira
Soniya
Jasmin
Visakh
Roshni
Shajeena
Syam
Amrita
Ashida
Minnu
Ahjaz
Sandra